Registered No. M-4485.

Madras War Review { MALAYALAM / 5-11-1943

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിൻെറ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III] 1943 നവെമ്പർ 5-ാംനു വെള്ളിയാഴ്ച [ലക്കം 10



കേണൽ ഫ്രാങ്ക് നോക്ക്സ്

## പരിപൂർണ്ണ വിജയത്തിന്നു തുല്യമാണ്

മോസ്ക്കോ സമ്മേളനത്തിൻെറ പരിണാമം ഒരു പരിപൂർണ്ണ വിജയത്തിന്നു തുല്യമാകുന്നു. ഏഷ്യയിലും യൂറോപ്പിലും നടക്കുന്ന യുദ്ധത്തിന്നു ഇതൊരു പരിണാമം കുറിക്കുന്നതുപോലെയാണിരിക്കുന്നതു്. ഐക്യകക്ഷികളെ പൂർവ്വാധികം യോജിപ്പിക്കുവാനും, ശത്രുക്കളായ ജർമ്മനിയേയും ജാപ്പാനേയും കലാപംകൊണ്ടു് കീഴ്മേൽ മറിക്കുവാനും ഇത്ര നന്നായിട്ടൊരു സംഭവം വളരെ കാലമായി ഉണ്ടായിട്ടില്ല.

—കേണൽ ഫ്രാങ്ക് നോക്ക്സ്, അമേരിക്കൻ കടൽസൈന്യമന്ത്രി, മോസ്കോ സമ്മേളനത്തെക്കുറിച്ചു് പറഞ്ഞ അഭിപ്രായം.

MUL
118735

## വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| പരിപൂർണ്ണവിജയത്തിന്ന തുല്യമാണ് | 1 | മോസ്കോസമ്മേളനവും തീർപ്പുകളും | 7 |
| വർത്തമാനച്ചുരുക്കം ; വീരവധു | 2 | യുദ്ധത്തിൻെറ സാമ്പത്തിക മുഖങ്ങൾ | 9, 10 |
| പ്രതിവാരചിന്തകൾ | 3, 4, 11 | 5,000 ക. ഇനാം | 12 |
| പ്രത്യേകലേഖനങ്ങൾ : റഷ്യ; മോസ്കോ സമ്മേളനം; ഞാൻ | 5, 6, 8 | | |


# വർത്തമാനച്ചുരുക്കം

ഇന്ത്യയിൽനിന്ന് അടുത്തു വൈസരോയിസ്ഥാനം ഒഴിഞ്ഞ് പോയ ലിൻലിത്ത്ഗോ പ്രഭു ഇംഗ്ലാണ്ടിലെത്തി. ചക്രവർത്തി തിരുമേനിയുമായി ഒരു കൂടിക്കാഴ്ച നടത്തിയിരിക്കുന്നു.

* * *

തെക്കുപടിഞ്ഞാറൻ ശാന്തസമുദ്രരംഗം, ന്യൂബ്രിട്ടൻ എന്ന ദ്വീപിലെ റാബാൾ തുറമുഖം, ഇതു ജാപ്പാൻ സൈന്യത്തിൻെറ ഒരു പ്രധാന കേന്ദ്രമാണ്. ഇതിനെ കഴിഞ്ഞ രണ്ടാഴ്ചയായി ഐക്യകക്ഷി വിമാനങ്ങൾ തവിട്ടുപൊടിയാക്കുന്നു. സുമാറു എണ്ണൂറ് ജാപ്പാൻ വിമാനങ്ങൾ അവിടെവെച്ചു നശിപ്പിച്ചു.

* * *

ഇററലിയിൽ ഐക്യകക്ഷിസൈന്യങ്ങളും ജർമ്മൻസൈന്യങ്ങളുമായി നടക്കുന്ന യുദ്ധത്തിൽ ജർമ്മൻ സൈന്യനായകനായിരുന്ന ഫെല്ഡ് മാർഷൽ കെസൽറിങ്ങ്. ഇപ്പോൾ അദ്ദേഹത്തെ ഈ സ്ഥാനത്തുനിന്ന് മാററി പകരം ജനറൽ വോൺ ഫീററിങ്കോഫ് എന്ന ഒരാളെ നിശ്ചയിച്ചിരിക്കുന്നു.

* * *

1941 മേയ് 10-ാം തിയ്യതി ജർമ്മർ വിമാനങ്ങൾ ലണ്ടനിൽ ചെന്ന് ബോംബിട്ടതിൽ വലുതായ ഒരു നഷ്ടം വന്നതു് പാർലിമെണ്ടു കെട്ടിടത്തിനാണ്. ഇതിനെ രണ്ടാമതും പണി ചെയ്യുവാൻ തീർച്ചയാക്കിയിരിക്കുന്നു. പഴയ പ്ലാൻ, പഴയ സ്ഥലം എന്നും തീർച്ചയാക്കീട്ടുണ്ട്.

* * *

വേവൽ പ്രഭു ഇന്ത്യയിൽ വൈസ്റോയിയായി വന്നഉടനെ ചെയ്തതു് ബങ്കാൾ സന്ദർശിക്കുകയാണ്. അദ്ദേഹം കൽക്കത്തയിലും ബങ്കാളിൽ പലേ സ്ഥലങ്ങളിലും സന്ദർശിച്ചു ഡൽഹിയിലേക്കു മടങ്ങി എത്തിയിരിക്കുന്നു. സൈന്യഡിപ്പാർട്ട്മെണ്ടു് ബങ്കാളിലെ ക്ഷാമനിവാരണത്തിന്ന് സഹകരിക്കേണമെന്ന തീർച്ചയാക്കിയതിന്നു പുറമെ പട്ടാളത്തിൻെറ ആവിശ്യത്തിന്ന് ശേഖരിച്ചുവെച്ചതായ ഭക്ഷണസാധനങ്ങൾ പൊതുജനാവശ്യത്തിന്ന് വിട്ടുകൊടുക്കേണമെന്നും അദ്ദേഹം കല്പിച്ചിരിക്കുന്നു.

* * *

ലഫ്ടനൻറ് എൻ. അനന്തൻ നായർ ഇന്ത്യൻ കടൽസൈന്യത്തിൽ ഒരുദ്യോഗസ്ഥനാണ്. കഴിഞ്ഞകൊല്ലം ഏപ്രിൽ മാസത്തിൽ ബങ്കാള ഉൾക്കടലിൽവെച്ചു ഒരു സാമാനക്കപ്പൽ ജാപ്പാൻകാർ വെടിവെച്ചു മുക്കിയതിൽ ഇദ്ദേഹം റേഡിയോ ആപ്പീസറായിരുന്നു. ആപൽഘട്ടത്തിൽ കൃത്യനിഷ്ഠക്കു ഭംഗം വരുത്താതിരുന്നതിന്ന് അദ്ദേഹത്തിന്നു അടുത്തവസരത്തിൽ എം.ബി.ഇ. എന്നുള്ള ഒരു ബഹുമതി ഗവർമ്മേണ്ടിൽനിന്ന് നൽകുകയുണ്ടായി. ജാപ്പാൻകാരുടെ ക്രൂരതയെ സംബന്ധിച്ചു അദ്ദേഹം ഒരു ആകാശവാണി പ്രസംഗം ഒക്ടോബർ 27-ാം തിയ്യതി ചെയ്തു.

* * *

1941-42-ാം കൊല്ലത്തോടുകൂടി കഴിഞ്ഞ അഞ്ചു കൊല്ലങ്ങളായി മദ്രാസ് സംസ്ഥാനത്തിൽ കലമേനിക്കു ഇന്ത്യയിൽ ഒട്ടാകെ നെൽകൃഷിചെയ്യുന്ന സ്ഥലത്തിൻെറ 13·3 ശതമാനം കണ്ടു നെൽകൃഷി ചെയ്തിട്ടുണ്ട്. 1943 സപ്തെമ്പർ 25-ാം തിയ്യതിക്കു 6,582,000 ഏക്ര ഈ സംസ്ഥാനത്തിൽ നെൽ കൃഷിചെയ്തിരിക്കുന്നു. കഴിഞ്ഞ കൊല്ലം ഈ തിയ്യതിക്കു നെൽ കൃഷിചെയ്തതു 6,179,000 ഏക്ര സ്ഥലത്താണ്. ഇക്കൊല്ലം ഈ കണക്കുപ്രകാരം 6·5 ശതമാനം അധികം നെൽ കൃഷിചെയ്യുന്നുണ്ട്. അധികം ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കേണമെന്ന പ്രചാരവേലയും, നെല്ലിൻെറ വിലയുമാണ് നെൽകൃഷി ജാസ്തിയാവാനുള്ള കാരണം.

## വീരവധു

(അന്നനട)

ഉണരുണരുകെൻ പ്രിയനാഥാ ! വേഗം
രണഭുവിൽ ചെന്നങ്ങണി നിരന്നാലും
ചടചടാ വെടിരടിതമെങ്ങുമെ
കടുതരമായി പ്രതിദ്ധ്വനിക്കുന്നു
കരമിതുഭവാൻ പിടിച്ചിട്ടിന്നാളേ
ക്കൊരുചാന്ദ്രായണം കഴിഞ്ഞില്ലെങ്കിലും
വിരഹം താവകം സഹിച്ചിടാനുള്ള
കരളുറപ്പിങ്ങുകരഗതം നാഥാ !

അടിമത്തത്തിൽ നാമടിവതേക്കാട്ടി
ലടലിലീയുടൽ വെടിവതാം ചിതം
വരമാകും വീരജനനിയെന്നൊരു
ബിരുദം നേടുവാൻ കഴിഞ്ഞില്ലെങ്കിലും
വിരവൊടെ വീരവധുവെന്നുള്ളൊരു
ബിരുദമൊന്നെങ്കിലും വരിച്ചിടട്ടെ ഞാൻ
വെടിപ്പാക്കി നന്നായ് തുടച്ചുതോക്കിതാ
വെടിക്കോപ്പൊക്കെയുമൊരുക്കിവെച്ചു ഞാൻ
പടക്കോപ്പാക്കയുമണിഞ്ഞു മൽപ്രിയാ !
പടക്കളത്തിലേയ്ക്കുടൻ നടന്നാലും.

അടക്കളത്തിലങ്ങടരടിക്കുമ്പോ-
ളടവികൾ പോലുമുടൻ നടുങ്ങണം.

കടുത്ത ദുഷ്ടരാമെതിർപ്പടയുടെ
ചുടുരക്തംകൊണ്ടു കഴുകണം ഭൂമി.

കടലിൽക്രൂരതാടും കൊടും മത്സ്യങ്ങൾക്കു
കടുത്തിടുംപശി കെടുത്തിടും വിധം
നെടുവിമാനത്തിൽ വരും ഭടരുടെ
ഉടലുടനുടൻ വെടിയാൽ വീഴ്ത്തണം.

ദുഷിച്ച ഫാസിസക്കടുവിഷം ജാപ്പാൻ
വിസർജ്ജിക്കാതെ നാമിവിടം കാക്കണം.

മുഴുത്ത പട്ടിണിപ്പിശാചിൻെറ കഴു-
ത്തറുക്കണം വേഗം വരുത്തണം സൌഖ്യം
ഒരുതുള്ളി രക്തം സ്വമാതൃഭൂമിക്കായ്
കരുതി തൂകിപ്പോനെവനവൻ ധന്യൻ
സമരഭൂമിയിൽ മുറിവേററു വീഴും
സഹജന്മാക്കു സൽസപര്യ ചെയ്യുവാൻ
പുരികുഴലിതു തിരുകിവെച്ചു ഞാൻ
വിരവിൽ പിന്നാലെ വരുന്നുണ്ടെൻനാഥാ !

രണഭൂവിന്നങ്ങിങ്ങണയും നേരത്തു
പ്രണയചുംബനം തരുന്നുണ്ടൊന്നു ഞാൻ.

# പ്രതിവാരചിന്തകൾ

ഒരു തറവാട്ടിൽ ഛിദ്രം ഉണ്ടാക്കിത്തീർപ്പാൻ എത്ര എളുപ്പമാണ് ! ഛിദ്രം ഉണ്ടായാലോ എത്ര നല്ല തറവാടും ക്ഷണനേരംകൊണ്ട് പൊളിഞ്ഞുപോവുകയും ചെയ്യും. നോക്കണം യുഗോസ്ലാവിയായിലെ സ്ഥിതി. എന്തൊരു കരുത്തുള്ള സമുദായമാണ് ആ രാജ്യത്തുള്ളതെന്നോ ? ജർമ്മൻകാർ പഠിച്ച വിദ്യയൊന്നുകൊണ്ടും അവരെ കീഴടക്കുവാൻ സിദ്ധിച്ചിട്ടില്ല. രാജ്യം മുഴുവൻ അവർ കീഴടക്കി ; എന്നാൽ അവിടുത്തെ ധീരസമുദായം കീഴടങ്ങിയില്ല. യുഗോസ്ലാവിയാ രാജ്യം ജർമ്മൻകാർക്കു കീഴടങ്ങിയ മുതൽ ഇന്നേവരെയും അവിടുത്തെ ജനങ്ങൾ ജർമ്മൻ ഭരണത്തിനെ



തടവുകാരായി പിടിച്ച ജർമ്മൻകാർ. ഇവർക്കു പതിനാറു വയസ്സേ ആയിട്ടുള്ളൂ. ജർമ്മനിയിലെ യുവാക്കന്മാർ മിക്കതും നശിച്ച് ഇപ്പോൾ വയസ്സന്മാരെയും പട്ടാളത്തിലേക്കെടുത്തുതുടങ്ങി.

എതിർത്തുകൊണ്ടാണ്. അങ്ങിനെ എതിർക്കുന്നവരുടെ നേതാക്കളിൽ ഒരാളാണ് ജനറൽ മിഹൈലോവിച്ച്. പ്രഹരംകൊണ്ട് കീഴടക്കുവാൻ സാധിക്കാതെ, ഇപ്പോൾ അവരെ തമ്മിൽതല്ലിച്ചൊതുക്കിക്കളയാമെന്നാണ് ഹിറ്റ്ലറുടെ പ്ലാൻ. മിഹൈലോവിച്ച് ജർമ്മൻകാരോടൊന്നിച്ച് സഹകരിക്കുന്നുവെന്നൊരു നുണ പറഞ്ഞുണ്ടാക്കിയിരിക്കുന്നു. മറെറാരു നുണ കമ്യൂണിസ്റ്റ്കാർ കള്ളന്മാരാണെന്ന് അദ്ദേഹം പറഞ്ഞുണ്ടാക്കിയിരിക്കുന്നുവെന്നാണ്. മിഹൈലോവിച്ചിനെയും കമ്യൂണിസ്റ്റ് കക്ഷിക്കാരെയും തമ്മിൽതല്ലിക്കുവാനുള്ള ഒരു വിദ്യയാണിത്.

### ഡോക്ടർ ഗോബൽസ്

റഷ്യയുമായുള്ള യുദ്ധം ഒരു ഭയങ്കരമായ ആപത്തായിരിക്കുന്നുവെന്നാണ് ഡോക്ടർ ഗോബൽസ് പറയുന്നത്. ഇദ്ദേഹം ജർമ്മനിയിൽ ഉള്ളതിനെ ഇല്ലാതാക്കുവാനും, ഇല്ലാത്തതിനെ ഉണ്ടാക്കുവാനും ഉള്ള ഒരു മന്ത്രിയാകുന്നു. ഈ സ്ഥിതിക്ക് റഷ്യയുമായുള്ള യുദ്ധം ജർമ്മനിക്ക് യഥാർത്ഥത്തിൽ ഒരാപത്തല്ലെന്നുകൂടി വിചാരിക്കാം. കാരണം, ഈ മനുഷ്യൻ പറയുന്നതൊക്കെ നുണയാണ്. പക്ഷെ റഷ്യൻ രംഗത്തിൽ നടക്കുന്ന വർത്തമാനം നമുക്കു വേറെ വഴിക്കും കിട്ടുന്നുണ്ടല്ലോ. ഒരുപക്ഷെ ജർമ്മനി മുഴുവൻ റഷ്യയുടെ കൈവശം വന്നു കഴിഞ്ഞുവോ ? അങ്ങിനേയും വന്നേക്കാം. ഈയാൾ തന്നെ, ഭയങ്കരമായ അത്യാപത്തെന്നു പറയേണമെങ്കിൽ അതിനേക്കാൾ എത്രയോ ഉപരിയായ ആപത്തായിരിക്കണം ഇപ്പോൾ ജർമ്മനിയെ നേരിട്ടിരിക്കുന്നതെന്ന് തീർച്ചയാക്കാം. ഈ ആപത്ത് കമ്യൂണിസത്തെക്കൊണ്ടുള്ളാപത്താണ്. ആയത് ജർമ്മനിക്കു മാത്രമല്ല ; ജർമ്മനി നശിച്ചാൽ ലോകത്തിന്നൊട്ടാകെയുള്ളതാണെന്ന് ഐക്യകക്ഷികളെ ഒന്ന് പേടിപ്പിച്ചുനോക്കുകയാണ്. ഐക്യകക്ഷികൾ റഷ്യയുടെ രാഷ്ട്രീയമതത്തിൽനിന്ന് വ്യത്യാസപ്പെട്ടുകൊണ്ടുള്ള മതക്കാരാണെല്ലോ എന്നുവെച്ചാണ് ഈ വിദ്യ എടുക്കുന്നത്. പക്ഷെ അതുകൊണ്ടൊന്നും ഐക്യകക്ഷികൾ കുലുങ്ങുകയില്ല. അവർക്ക് റഷ്യയുമായുള്ള മൈത്രിക്ക് യാതൊരു ഭംഗം വരുന്നതുമല്ല. ഐക്യകക്ഷികളുടെ സാഹചര്യംകൊണ്ട് റഷ്യ വിദേശകാര്യങ്ങളിലുള്ള വിപ്ലവപ്രസ്ഥാനംതന്നെ വേണ്ടെന്നു വെച്ചിരിക്കുന്നു.

## ശരണാഗത രക്ഷ

എന്തൊരു സുവൎണ്ണാവസരമാണിപ്പോൾ അശരണരായ സാധുജനങ്ങളെ പരിചരിപ്പാനെന്നു് പറവാൻ വയ്യ! ലോകത്തിന്റെ ഏതു ഭാഗത്തേക്കു് തിരിഞ്ഞുകൊൾവിൻ, എന്നെ രക്ഷിക്കണേ, എന്നെ രക്ഷിക്കണേ എന്നുള്ള ആൎത്തനാദമേ കേൾക്കാനുള്ളു. ഈ നിലക്കു ലോകത്തിന്റെ ദുഃഖം ഉളവാക്കിയവരെ ശിക്ഷിക്കേണ്ടതിന്നു് വേണ്ട ശക്തികൾ കിടപ്പുണ്ടു്; അതു നമ്മുടെ ചുമതലയായി കരുതേണ്ട. നമ്മളാൽ കഴിയുന്നതു് എപ്പോഴും ശ്രമിച്ചാൽ മതി. നമ്മുടെ പ്രാപ്തിക്കും സ്ഥിതിക്കും അനുസരിച്ചുള്ള ശരണാഗത രക്ഷചെയ്വാൻ നാം ഒരുങ്ങിയാൽ മതി. താനുണ്ണാത്ത തേവരുണ്ടോ വരം കൊടുക്കുന്നു എന്നു് കരുതേണ്ട. തന്റെ ഊണിന്നു കരുതിവെച്ചു് ബാക്കികൊണ്ടു ദാനധൎമ്മം ചെയ്യുന്ന തേവരുടെ അനുഗ്രഹത്തിന്നു് യാതൊരു വിലയും ഇല്ല. അതിൽ ത്യാഗബുദ്ധി പ്രതിഫലിക്കുന്നതുമില്ല. തനിക്കുള്ള സൎവ്വസ്വവും ശരണാഗത രക്ഷക്കു് നീക്കിവെക്കുന്നതാണു് ത്യാഗം. നമ്മുടെ സൎവ്വസ്വമെന്നുവെച്ചാൽ നാഴിയരിയെ ഉള്ളുവെന്നിരിക്കട്ടെ. അതു് നമ്മുടെ മൃഗീയതയെ പരിപാലിക്കാനുപയോഗിക്കുന്നതിന്നു പകരം ലോകോപകാരമായി നീക്കിവെക്കാനുപയോഗിക്കുന്നപക്ഷം അതിൽപരം വലുതായ ത്യാഗമെന്താണു്? ഇന്നു് അങ്ങിനെയുള്ള ത്യാഗത്തിന്നു സുവൎണ്ണാവസരമാണു്. അങ്ങിനെയുള്ള ത്യാഗംചെയ്തു് മനുഷ്യനിലുള്ള ഈശ്വരചൈതന്യത്തെ പ്രകാശിപ്പാൻ ഏററവും പററിയ ഒരവസരമാണു്. ഈ അവസരം എന്നും ലഭിക്കുമെന്നു കരുതേണ്ടാ. ഇന്നത്തെ ഈശ്വര പരീക്ഷയിൽ തോല്ക്കാൻ ശ്രമിക്കേണ്ടാ.

## ഗ്രീസ്

സമുദായസംസ്കാരംകൊണ്ടും, രാഷ്ട്രീയ പുരോഗതികൊണ്ടും യൂറോപ്പിന്റെ പഴയ തറവാടാണു് ഗ്രീസ് എന്നു പറയുന്ന രാജ്യം. രാജ്യത്തിന്റെ വലുപ്പംകൊണ്ടു് യൂറോപ്പിലെ മററു രാജ്യങ്ങളോടു് കിടപിടിക്കാൻ സാധിക്കുന്ന ഒരു രാജ്യമല്ലാ ഇതെങ്കിലും അനേകായിരം കൊല്ലങ്ങളായി പൂൎണ്ണപരിഷ്കാരദശയെ പ്രാപിച്ചിട്ടുള്ളതും സ്വാതന്ത്ര്യബുദ്ധിയുടെ കാതലായി വൎത്തിക്കുന്നതുമായ ഒരു രാജ്യമാണു് ഇതു്. ഇററലിയിൽ മുസ്സോളിനിയുടെ മദം അടക്കുവാൻ വയ്യാതെയായി, തന്റെ സാമ്രാജ്യാൎത്തിയെയൊന്നു് ശമിപ്പിക്കുവാൻവേണ്ടി 1940 ഒക്ടോബർ മാസംമുതല്ക്കു് ഈ ദുഷ്ടൻ ഗ്രീസ്സിനെ ആക്രമിച്ചു യുദ്ധത്തിൽ വലിച്ചിഴച്ചു. എന്നാൽ മുസ്സോളിനിയെയും അവന്റെ സൈന്യങ്ങളേയും ഗ്രീക്കുകാർ ആട്ടിയോടിച്ചുകളഞ്ഞു. ഈ അപമാനം തീൎക്കുവാനാണു് പിന്നെ ഹിററ്ലറുടെ ജൎമ്മൻ സൈന്യങ്ങൾ ഗ്രീസിനെ ആക്രമിച്ചതു്. ഇതിൽ പരാജയപ്പെടുകയല്ലാതെ ഗ്രീസിന്നു യാതോരു നിവൃത്തിയുമുണ്ടായില്ല. ഗ്രീക്കുരാജ്യം മുഴുവൻ ഹിററ്ലർ പിടിച്ചടക്കിയെങ്കിലും ഗ്രീക്കുചൈതന്യത്തെ അടക്കുവാൻ ഇനിയും സാധിച്ചിട്ടില്ല. അവിടുത്തെ രാജാവു ഇന്നു് ഈജിപ്തിൽ രക്ഷപ്രാപിച്ചിരിക്കയാണു്. അവിടുത്തെ ജനത ഇന്നും ജൎമ്മൻകാരോടു പൊരുതി ജീവിക്കുന്നു. എന്നാൽ അവൎക്കു ഭക്ഷണത്തിന്നും ഉടുപ്പിന്നും മററും യാതൊരു നിവൃത്തിയുമില്ല. അഞ്ചു ലക്ഷം ആളുകൾ പട്ടിണികൊണ്ടു് മരിച്ചിരിക്കുന്നുവെന്നാണു് കേൾക്കുന്നതു്. ഇന്നു അവിടുത്തെ ജനതയുടെ സ്ഥിതിയാലോചിക്കയാണെങ്കിൽ അധികം താമസിയാതെ ഗ്രീക്കുസമുദായം ലോകത്തിൽ ഇല്ലാതെയായിത്തീരും. ഈ സംഗതികളെല്ലാം അടങ്ങീട്ടുള്ള ഒരു സഹായാഭ്യൎത്ഥന ഗ്രീക്കു രാജാവു് ഈജിപ്തിൽനിന്നു് ഇന്ത്യൻ ജനതക്കയച്ചിരിക്കുന്നു. ഇവിടുത്തെ സ്ഥിതി നമുക്കറിയാമെന്നു വെച്ചിരിക്കരുതു്.

“ കാന്തനങ്ങില്ലാതോരു ദാന്തരാം ഞങ്ങളിന്നു
എന്തൊരു സമ്മാനത്തെ തരുന്നു ഭ്രമരമെ ”

എന്നു് ഭാഗവതപുരാണത്തിൽ ഒരേടത്തു ചോദ്യമുള്ളതുപോലെ ഒരു ചോദ്യംചോദിച്ചു് സമാധാനിച്ചിരിക്കരുതു്. മദിരാശിയിൽ ബഹുമാനപ്പെട്ട ഗവൎണ്ണരുടെ ആഭിമുഖ്യത്തിൽ ഒരു കമിററി രൂപീകരിച്ചിട്ടുണ്ടു്. ഗ്രീക്കുകാരുടെ സങ്കടനിവാരണത്തിന്നു് യഥാശക്തി പണം പിരിച്ചയക്കുവാനാണു് ഈ കമിററി. നിങ്ങളാൽ കഴിയുന്നതു് താഴെ കാണിച്ച ഏതെങ്കിലും ഒരു മേൽവിലാസത്തിന്നയച്ചുകൊടുക്കുന്നതു് ഏററവും കൃതജ്ഞതയോടെ സ്വീകരിക്കും: ഓണററി സിക്രട്ടരി, ഗ്രീക്ക് റിലീഫ് അപ്പീൽ, ഡെയർ ഹൌസ്, എസ്പ്ലനേഡ്, മദ്രാസ്, എന്ന മേൽവിലാസത്തിലൊ, ഓണററി ട്രഷറർ, മദ്രാസ് ഗവർണേർസ് വാർഫണ്ടു് (ഗ്രീക്ക് റിലീഫ്) എന്ന മേൽവിലാസത്തിലൊ അയക്കാം.

## മുസ്സോളിനിയുടെ മൂഢത്വം

മൂന്നു കൊല്ലംമുമ്പു് മുസ്സോളിനിയുടെ മൂഢത്വംകൊണ്ടു് ഗ്രീസിനെ ആക്രമിച്ചു. ഈ ആക്രമണം വെറും മൂഢത്വമായിരുന്നുവെന്നു് പറയാതെ കഴികയില്ല. തന്റെ കരബലംകൊണ്ടു് ഗ്രീസിനെ വേഗം കീഴടക്കിക്കളയാമെന്നായിരുന്നു മുസ്സോളിനി വിചാരിച്ചതു്. എന്നാൽ ഈ മൂഢന്നു് ഗ്രീസിന്റെ ധൈൎയ്യശക്തിയേയും സ്വാതന്ത്ര്യബുദ്ധിയേയും പററി യാതോരു വിവരവുമുണ്ടായിരുന്നില്ല. ആറു മാസം ഗ്രീസിന്റെ നേരെ യുദ്ധംചെയ്തു് ഒടുവിൽ നാണംകെട്ടു പിൻമാറേണ്ടിവരികയാണു് ചെയ്തതു്. ഈ അപമാനം തീൎക്കുവാൻ ജൎമ്മനിയുടെ സൎവ്വശക്തിയും ഉപയോഗിക്കേണ്ടിവന്നു. എന്നിട്ടും വല്ല ഫലവും ഉണ്ടായോ? ഗ്രീക്കുരാജ്യം ജൎമ്മനിയുടെ കൈവശം വന്നുവെങ്കിലും ഇന്നും ജൎമ്മനിയുടെ

(ശേഷം 11-ാം പേജിൽ)

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1943 നവെമ്പർ 5-ാംനു, വെള്ളിയാഴ്ച

## റഷ്യ

കേരളീയൎക്കു ചാക്യാർ കൂത്തിനെപ്പററി പറഞ്ഞാൽ അറിയാൻ പ്രയാസമുണ്ടാവില്ല. ചാക്യാർ രാമരാവണയുദ്ധം വൎണ്ണിക്കുന്ന ഒരു ഘട്ടമുണ്ടു്. ബഹുരസകരമായിട്ടുള്ള ഒരു വൎണ്ണനയാണതു്. രാമരാവണയുദ്ധം എത്രകണ്ടു് ഭയങ്കരമായിയെന്ന് ഒരാൾ വഴിക്കു വെച്ചു ഹനുമാനോടു ചോദിക്കുന്നു. ഹനുമാനാകട്ടെ, രാമരാവണയുദ്ധം കഴിഞ്ഞു് സീതയോടുകൂടി അയോദ്ധ്യക്കു ശ്രീരാമൻ മടങ്ങിവരുന്നുണ്ടെന്നും, അയോദ്ധ്യാപുരിക്കടുത്തൊരു പ്രദേശത്തെത്തീട്ടുണ്ടെന്നും, പതിന്നാലു സംവത്സരം വനവാസം കഴിഞ്ഞു് വന്നുകൊള്ളാമെന്നു് ഭരതനോടു ചെയ്തു പ്രതിജ്ഞക്കനുസരിച്ചു് മടങ്ങിയെത്തുന്നതാണെന്നും ഭരതനെ അറിയിപ്പാനായി ബദ്ധപ്പെട്ടു് അയോദ്ധ്യക്കു പോകുന്ന ഘട്ടം. അപ്പോൾ വഴിക്കുവെച്ചു് യാതൊരു ബദ്ധപ്പാടും ജീവിതത്തിൽ അനുഭവിക്കേണ്ടിവന്നിട്ടില്ലാത്ത ഒരാൾ ചോദിച്ച ചോദ്യമാണിതു്. രാമരാവണയുദ്ധം ആദ്യന്തം വിസ്തരിച്ചു് പറവാൻ വല്ലവൎക്കും പ്രാപ്തിയുണ്ടെങ്കിൽ അതു് ശ്രീ ഹനുമാനു് തന്നെയായിരുന്നു താനും. എങ്കിലും ചോദ്യത്തിന്നു് സമാധാനം വിസ്തരിച്ചു പറവാനുള്ള ഘട്ടമല്ലായിരുന്നു അതു്. അതിനാൽ ഹനുമാന്റെ മറുവടി ശ്ലോകത്തിൽ കഴിച്ചുകൂട്ടി—

". . . . . . . . .
. . . . . . . . .
. . . . . . . . .
. . . . കോദണ്ഡ ഘണ്ടാരവം."

എന്നായിരുന്നു ഈ മറുപടി. രാമന്റെ കോദണ്ഡത്തിന്മേൽ കെട്ടിയ മണി ഒന്നടിക്കേണമെങ്കിൽ ഒരു കോടി ശത്രു സൈന്യം ചത്തുവീഴുമ്പോഴെ ഉള്ളൂ. എന്നാൽ രാമരാവണയുദ്ധമദ്ധ്യേ ഈ മണി മൂന്നേമുക്കാൽ നാഴിക നേരം പിരിമുറിയാതെ അടിച്ചിരിക്കുന്നു. അപ്പോൾ എത്ര കോടി ശത്രുസൈന്യം ചത്തിരിക്കുമെന്നുള്ള കണക്കു കൂട്ടിയാലറിയാം, എന്നു സമാധാനം പറഞ്ഞുകൊണ്ടു ഹനുമാൻ അവിടെനിന്നു പോവുകയും ചെയ്തു്.

ഇന്നു റഷ്യൻ രംഗത്തിൽ നടക്കുന്ന യുദ്ധത്തിന്നു രാമന്റെ കോദണ്ഡഘണ്ടാരവം പിരിമുറിയാതെ കേട്ടുകൊണ്ടിരിക്കുന്ന ഒരു ഘട്ടമാണിപ്പോൾ. ഇന്നെത്തെ യുദ്ധഗതിയെക്കുറിച്ചു് ഒരു ജൎമ്മൻ ന്യൂസ് ഏജൻസി വൎത്തമാനം അസാധാരണമായിട്ടുള്ളതാണു്. ജൎമ്മൻ സൈന്യശക്തികൊണ്ടു് ഉറപ്പിച്ചതായ ഒരു ഭയങ്കരമതിലിനെ റഷ്യൻസൈന്യം കഴിഞ്ഞ അഞ്ചുമാസം കൊണ്ടു് തെക്കൻ ഖണ്ഡത്തിൽ വെച്ചു് തകൎത്തുകളഞ്ഞിരിക്കുന്നു. ജൎമ്മൻ സൈന്യത്തിന്റെ ദേഹത്തിന്നും മനസ്സിന്നും പററിയപരുക്കു വൎണ്ണിപ്പാൻ സാധിക്കയില്ല. കഴിഞ്ഞ അഞ്ചുമാസം കൊണ്ടു് റഷ്യൻസൈന്യം ജൎമ്മൻ സൈന്യത്തിന്റെ പന്തീരായിരം ടാങ്കുകൾ ഈ ഖണ്ഡത്തിൽ നശിപ്പിച്ചുകളഞ്ഞിട്ടുണ്ടെന്നു് പറഞ്ഞാൽ യുദ്ധത്തിന്റെ ഗൌരവം ഏതാണ്ടു് ഊഹിക്കാം, എന്നാണു് ഈ വൎത്തമാനം കൊണ്ടറിയുന്നതു്. നീപ്പർ നദിയുടെ വക്കത്തു് വെച്ചു് റഷ്യൻ സൈന്യത്തെ ഫലപ്രദമായി എതൃക്കാമെന്നു് ജൎമ്മൻകാർ വിചാരിച്ചിരുന്നു. ഇന്നെത്തെ സ്ഥിതി നോക്കുകയാണെങ്കിൽ നീപ്പർ നദിയുടെ അതൃത്തിയെല്ലാം കടന്നു റഷ്യൻ സൈന്യം എത്രയൊ ഉള്ളിലൊട്ടു പ്രവേശിച്ചിരിക്കുന്നു. ജൎമ്മൻ സൈന്യം അതിഭയങ്കരമായ പരാക്രമങ്ങൾ കാട്ടീട്ടും റഷ്യൻ സൈന്യത്തിന്റെ തള്ളിച്ചക്കു യാതൊരു ശരണവും കാണുന്നില്ല. ഇപ്പോൾ യൂക്കറൈനിൽ ക്രീവ്റൊഗ് എന്ന സ്ഥലത്തും യൂക്കറൈനിന്റെ തലസ്ഥാനമായ കീവ് എന്ന നഗരിയിലും വെച്ചാണു് ഏററവും ഗൌരവമായ യുദ്ധം നടക്കുന്നതു്. ഈ രണ്ടു സ്ഥലങ്ങളും അധികം താമസിയാതെ റഷ്യൻ സൈന്യം പിടിക്കുകയും ചെയ്യും. ഇവയെ പിടിച്ചു കഴിഞ്ഞാൽ യൂക്കറൈൻ പ്രദേശം ശുദ്ധമായി റഷ്യയുടെ കൈവശം കിട്ടി.

ജൎമ്മൻകാരുടെ മറെറാരു വലിയ സങ്കേതം ക്രിമിയായിലാണു്. റഷ്യയുടെ ഒരു പ്രധാന ഭാഗമായ ഈ സ്ഥലം ജൎമ്മൻകാർ 1941 ൽ മിക്കവാറും കൈവശപ്പെടുത്തി. ക്രിമിയായുടെ തലസ്ഥാന നഗരി റഷ്യക്കാരുടെ കൈവശത്തിൽ നിന്നു ജൎമ്മൻകാർ എട്ടു മാസത്തെ യുദ്ധം കൊണ്ടാണു് പിടിച്ചതു്. 1942 ജൂലായി രണ്ടാംതിയ്യതി ജൎമ്മൻകാർ ഈ നഗരി പിടിച്ചപ്പോഴെക്കും മൂന്നു ലക്ഷം ജൎമ്മൻ സൈന്യം ഈയൊരു സ്ഥലത്തുവെച്ചു് നശിച്ചു. റഷ്യക്കാൎക്കും വളരെ നഷ്ടകഷ്ടങ്ങൾ അനുഭവിക്കേണ്ടതായിവന്നു. ഈ എട്ടു മാസകാലവും ഈ പ്രദേശത്തു് ജൎമ്മൻ സൈന്യം ബോംബിട്ടു തകൎത്തിരുന്നതിനാൽ റഷ്യക്കാർ സ്വഗൃഹങ്ങളെല്ലാം വിട്ടു് പാറകളുടെ ഇടയിൽ പോയി ഒളിച്ചുകൊണ്ടു് ജീവിച്ചുപോന്നു. എന്നിട്ടും യാതൊരു നിവൃത്തിയുമില്ലെന്നു്വന്നപ്പോൾ അവർ സ്ഥലം വിട്ടോടി രക്ഷപ്പെട്ടു. ഇത്ര ഭയങ്കര യുദ്ധം കൊണ്ടു ജൎമ്മൻ സൈന്യം പിടിച്ചതായ ഒരു സ്ഥലമാണു് ക്രിമിയ. ഇന്നു് അനവധി ലക്ഷം ജൎമ്മൻ സൈന്യം അവിടെ സ്ഥിതി ചെയ്യുന്നതെല്ലാം രക്ഷപ്പെടുവാൻ നിവൃത്തിയില്ലാതെ റഷ്യൻ സൈന്യത്തിന്റെ ഉണ്ടകൾക്കും ബോംബിന്നും ഇരയാകേണ്ടി വന്നിരിക്കുന്നു. പുറമെനിന്നു് യാതൊരു രക്ഷയും

അവക്കെത്തിക്കുവാൻ ജർമ്മൻകാർക്കു സാദ്ധ്യമല്ലാത്ത വിധം റഷ്യൻ സൈന്യം ഈ സ്ഥലത്തേക്കു കയററം തുടങ്ങിയിരിക്കുന്നു. ക്രിമിയാ റഷ്യക്കാർ മടങ്ങിയെടുത്തു കഴിഞ്ഞാൽ റഷ്യൻ കടൽ സൈന്യത്തിന്നു് നിർബ്ബാധമായി കരിങ്കടലിൽ കൂടി ഗതാഗതം ചെയ്‌വാൻ സാദ്ധ്യമാണു്. ഇങ്ങിനെ ഗതാഗതം തുടങ്ങിയാൽ ബാൾക്കൻ പ്രദേശത്തേക്കും റഷ്യയിൽനിന്നുള്ളാപത്തു് ജർമ്മൻകാർക്കുണ്ടാവുകയും ചെയ്യും.

സർവ്വ വിജയിയായ റഷ്യ ലോകത്തിന്നു തന്നെ ഒരാപത്തായി കലാശിച്ചേക്കാമെന്നുള്ള നിലക്കു ചില പ്രരോദനങ്ങൾ ജർമ്മനിയിൽനിന്നു് കേൾക്കാനുണ്ടു്. അസ്ത്രമേററു് ചത്തുവീഴുന്ന മാരീചൻ നിലവിളിച്ചു് ലക്ഷ്മണനെ സീതയുടെ അരികത്തുനിന്നു അകററുവാൻ ശ്രമിച്ചപോലെ ഐക്യകക്ഷികളെ റഷ്യയുടെ മൈത്രിയിൽനിന്നകററുവാനുള്ള ഒരു നിലവിളിയാണിതു്. ഇതുകൊണ്ടു ഐക്യകക്ഷികൾക്കു യാതൊരു തകരാറും വന്നിട്ടില്ലെന്നു് മോസ്കോവിൽ ബ്രിട്ടൻെറയും, അമേരിക്കയുടെയും, റഷ്യയുടെയും പ്രതിനിധികൾ നടത്തിയ സംഭാഷണങ്ങൾ കൊണ്ടറിയുന്നുണ്ടു്. ഭാവിയിൽ നടത്തേണ്ട കൂട്ടുയുദ്ധത്തെ സംബന്ധിച്ചു് ഈ മൂന്നു കക്ഷികളും തമ്മിൽ ഐകകണ്ഠ്യേനയുള്ള തീർപ്പുകൾ പാസ്സാക്കിക്കഴിഞ്ഞു. ഇനി ജർമ്മനി എത്ര നിലവിളിച്ചിട്ടും യാതൊരു ഫലവും ഇല്ല. ഈ ലേഖനം എഴുതിത്തീരുന്ന ഘട്ടമായപ്പോഴേക്കും ജർമ്മൻകാർ ക്രിമിയായിൽ നിന്നൊഴിക്കുവാൻ തുടങ്ങിയിരിക്കുന്നുവെന്നറിയുന്നു.

---

## മോസ്കോ സമ്മേളനം

മോസ്കോ സമ്മേളനത്തിന്നു് മഴപെയ്യണേ, സദ്യ മോശമാകണേ, കൂട്ടാൻ അടിയിൽ പിടിക്കണേ, എന്നും മററും പ്രാർത്ഥിച്ചു് തളിയിൽ ഗണപതിക്കു ഉദയാസ്തമനപൂജയും മററും ഡോക്ടർ ഗോബൽസ് നേർന്നിരുന്നു. അതുകൊണ്ടൊന്നും യാതൊരു ഫലവുമുണ്ടായില്ല. സദ്യ പൊടിപാറി; നാലു കൂട്ടം പ്രഥമനുണ്ടായിരുന്നു; വിചാരിച്ചതിലേറെ ഒരു സംഭവം ഉണ്ടായതു് പോരുമ്പോൾ എല്ലാവർക്കും അവിലു് കുഴച്ചതു് ഓരോ പൊതിയും കിട്ടി. മോസ്കോ സമ്മേളനം ആരംഭിച്ചതിന്നു് മുമ്പുതന്നെ റഷ്യയെക്കുറിച്ചു് ഐക്യകക്ഷികളുടെ മനസ്സിൽ കഴിയുന്നത്ര ദുരഭിപ്രായം ഉണ്ടാക്കിത്തീർക്കുവാൻ നാസിനേതാക്കന്മാർ ശ്രമിച്ചിരുന്നു. റഷ്യ ജർമ്മനിക്കുമാത്രം ഒരാപത്താണെന്നു് കരുതേണ്ട; റഷ്യ സർവ്വവിജയിയായി യൂറോപ്പിൽ സർവ്വാധിപത്യത്തോടുകൂടി വളർന്നുവരുവാൻ ഇടവരുന്നപക്ഷം ലോകത്തിന്നൊട്ടാകെ ഒരാപത്തായിത്തീരുമെന്നു വളരെ ശക്തിയായി സൂചിപ്പിച്ചുകൊണ്ടാണു് അടുത്തകാലത്തെ ജർമ്മൻ റേഡിയോ പ്രസംഗങ്ങൾ മിക്കതും. ഈ വക ശ്രമങ്ങൾക്കൊന്നും യാതൊരു ഫലവുമില്ലാതെ ബ്രിട്ടൻെറയും അമേരിക്കയുടെയും പ്രതിനിധികൾ മോസ്കോവിൽ പോയതു് ജർമ്മനിക്കു ഏററവും കയ്പോടുകൂടിയ ഒരു സംഗതിയായിരുന്നു. ഇതിന്നുശേഷവും അല്പം ഒരു സമാധാനം ജർമ്മനിക്കുണ്ടായിരുന്നതു് മോസ്കോവിൽ വെച്ചു് ഇവരെല്ലാവരും തമ്മിൽ തല്ലിപ്പിരിയുമെന്ന വിശ്വാസമായിരുന്നു.

ഈവക യാതൊരാഗ്രഹങ്ങൾക്കും ഫലമുണ്ടായില്ല. മോസ്കോവിൽ വെച്ചു് സമ്മേളനം കൂടിയതു് തമ്മിൽ തല്ലുവാനല്ലെന്നും, യുദ്ധത്തിലും യുദ്ധാനന്തരവും ഈ മൂന്നു കോയ്മകളും ലോകസമാധാനത്തിൻെറ പടിഞ്ഞാററപ്പുരയുടെ തൂണുകളായി വർത്തിക്കേണമെന്നും ഉള്ളാദർശങ്ങൾ മുൻനിർത്തിക്കൊണ്ടാണു്. പിന്നെയുണ്ടോ തമ്മിൽതല്ലുവാൻ വല്ലവകാശവും? അവർ തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഇല്ലാതിരുന്നിട്ടില്ല. എന്നാൽ ഈവക അഭിപ്രായവ്യത്യാസങ്ങളെപ്പററി വിശദമായി വാദപ്രതിവാദം നടത്തി ഏററവും ഉത്തമത്തിലുള്ള രഞ്ജിപ്പു വരുത്തിയിരിക്കുന്നു. യുദ്ധത്തിന്നു ശേഷം മാത്രമേ ന്യായമായി ചിന്തിക്കാൻ നിവൃത്തിയുള്ളുവെന്നു തോന്നീട്ടുണ്ടായിരുന്ന സർവ്വകാര്യങ്ങളും അവർ പിന്നീടാലോചിക്കാമെന്നു് പറഞ്ഞു് നിർത്തിവെക്കുകയാണു ചെയ്തതു്. ഇങ്ങിനെയുള്ള സംഗതികളാണു് അതിർത്തിവാദങ്ങൾ. എന്നാൽ ആലോചിച്ചുറച്ചേടത്തോളം ഏററവും സൌഹാർദ്ദത്തോടുകൂടിയായിരുന്നു മൂന്നു കോയ്മകളുടെയും നടവടിയെന്നു ഭാവിയിൽ കാര്യങ്ങൾ ആലോചിക്കേണ്ടതിന്നു ലണ്ടനിൽ സ്ഥാപിപ്പാൻ നിശ്ചയിച്ചിരിക്കുന്ന യൂറോപ്യൻ കമീഷൻെറ സംഘടനകൊണ്ടറിയുന്നുണ്ടു്. മോസ്കോവിൽ വെച്ചു് രസച്ചേർച്ചയില്ലാതെ തമ്മിൽ പിരിയുവാനാണു് ഇവർക്കു ഇടവന്നിരുന്നതെങ്കിൽ ഒരിക്കലും ഭാവിയിലേക്കു തമ്മിൽതല്ലുവാൻ ഒരു "ഹലാക്കു്" വലിച്ചിടുകയില്ല. നേരെ മറിച്ചു് എത്ര ഗൌരവമായ അഭിപ്രായവ്യത്യാസങ്ങൾ ഈ മൂന്നു കോയ്മകളും തമ്മിൽ ഉണ്ടാകാനിടയുണ്ടെങ്കിലും അവയെയെല്ലാം അന്യോന്യം പറഞ്ഞുതീർക്കാൻ സാധിക്കുമെന്നുള്ള ഒരു ദൃഢവിശ്വാസം ഇപ്പോൾ തന്നെ ഉണ്ടായിട്ടുണ്ടെന്നു് പ്രത്യക്ഷമാകുന്നുണ്ടു്.

ആവൂ, ഈ സംഗതികളെല്ലാം എന്തൊരാശ്വാസം കൊള്ളിക്കുന്നവയാണു്! ലോകം ഹിററ്ലർക്കും, മുസ്സോളിനിക്കും തമ്മിൽ പങ്കിട്ടു കൊടുക്കേണ്ടിവരുന്നുവെന്നു് വിചാരിച്ചു് ദുഃഖിച്ച വിയർപ്പു നമ്മുടെ മുഖത്തുനിന്നു ഇനിയും വററീട്ടില്ല. അതിന്നു മുമ്പു് സ്വാതന്ത്ര്യബന്ധുക്കളായ നേതാക്കന്മാരെല്ലാവരും മോസ്കോവിൽ സമ്മേളിച്ചുവെന്നുമാത്രമല്ല, ഹിററ്ലരുടെ അവസാനം കുറിക്കുകയും ചെയ്തിട്ടുണ്ടായിരിക്കണം. മുസ്സോളിനിയുടെ അവസാനം ഇതിന്നു മുമ്പു തന്നെ കഴിഞ്ഞിരിക്കുന്നുവല്ലോ. ഹിററ്ലരുടെ അവസാനത്തെപ്പററി ഇനി ആയാളുടെ ഏററവും

(ശേഷം 8-ാം പേറിൽ)

# മോസ്ക്കോ സമ്മേളനവും തീൎപ്പുകളും

## ബ്രിട്ടൺ, അമേരിക്ക, റഷ്യ എന്നീ കോയ്മകളുടെ വിദേശകാൎയ്യമന്ത്രിമാർ കൂടിയുള്ള കൂടിയാലോചന

(1943 ഒക്ടോബർ 19-ാം തിയ്യതി മുതൽ ഒക്ടോബർ 30-ാം തിയ്യതിവരെ)

**കൊല്ലം** 1942 ജനവരി 1-ാം തിയ്യതി ഐക്യകക്ഷി സൈന്യങ്ങളെല്ലാവരും ചേൎന്നു് യുദ്ധത്തെ സംബന്ധിച്ചു് ഒരു വിളംബരം ചെയ്തിരുന്നുവെല്ലോ. ഇതനുസരിച്ചു തന്നെയാണു് മോസ്ക്കോവിൽ വെച്ചു് കൂടിയ സമ്മേളനത്തിൽ ബ്രിട്ടനും, അമേരിക്കയും, റഷ്യയും കൂടിയുണ്ടായ തീൎപ്പും. ജൎമ്മൻ കക്ഷിയുടെ നേരെയുള്ള യുദ്ധം ശത്രുപക്ഷക്കാർ ആയുധംവെച്ചു് കീഴടങ്ങുന്നതുവരെ നടത്തേണമെന്നാണു് നിശ്ചയം. ഐക്യകക്ഷികളിൽ പെട്ട സൎവ്വ രാജ്യങ്ങളേയും ശത്രുപക്ഷക്കാരുടെ ആക്രമണത്തിൽ നിന്നു് മോചിപ്പിക്കണം. യുദ്ധാനന്തരം സമാധാനത്തിലേക്കുള്ള പകൎച്ച കഴിയുന്ന വേഗത്തിലും ക്രമത്തിലും വേണ്ടതാണു്. സൎവ്വ രാജ്യങ്ങളും തമ്മിലുള്ള സാഹചൎയ്യവും സമാധാനവും വളൎത്തി, ലോകത്തിലെ വിഭവങ്ങളും മനുഷ്യസമുദായത്തിന്റെ ശക്തിയും യുദ്ധോപകരണങ്ങളുടെ നിൎമ്മാണത്തിന്നായി ഉപയോഗിക്കരുതു്. ഇത്തരം പൊതു വ്യവസ്ഥകളെ അടിസ്ഥാനപ്പെടുത്തി ബ്രിട്ടന്റെയും, അമേരിയുടെയും, റഷ്യയുടെയും പ്രതിനിധികൾ മററു കാൎയ്യങ്ങളേയും നിൎണ്ണയിച്ചു.

ഇതേവരെ ഐക്യതയിൽ അവരുടെ കോയ്മകൾ നടത്തിയിരുന്ന യുദ്ധം മേലിലും നടത്തിപ്പോരേണമെന്നും, അങ്ങിനെ ചെയ്യുന്നതു സമാധാനവും രക്ഷയും നിലനിൎത്തിപ്പോരുവാനാണെന്നും നിശ്ചയിച്ചു.

തങ്ങളുടെ പൊതുശത്രുവിനെ തോല്പിച്ചതിന്നു ശേഷം, ശത്രുവിനെ കീഴടക്കേണ്ട കാൎയ്യത്തിലും, നിരായുധനാക്കി ചെയ്യേണ്ട കാൎയ്യത്തിലും അവർ എല്ലാവരും യോജിച്ചു തീൎച്ചയാക്കേണ്ടതാണു്.

**യുദ്ധത്തിന്റെ നിലനില്പുകാലം കഴിയുന്നതും ചുരുക്കുവാനും, യുദ്ധാനന്തരം ഉണ്ടാകുന്ന കാലം സമാധാനപരവും അഭിവൃദ്ധിപ്രദവും ആക്കിത്തീൎക്കുവാനും ആന്തൊണി ഈഡൻ, കോർഡൽ ഹൾ, മോളോട്ടോവ് എന്നീ മൂന്നു വിദേശകാൎയ്യമന്ത്രിമാർ മോസ്ക്കോവിൽ കൂടിയാലോചനകൾ നടത്തി. അടുത്ത ഘട്ടത്തിൽ മി. ചൎച്ചിൽ, റൂസ്‌വെൽട്ട്, സ്ററാലിൻ എന്നീ ലോകനേതാക്കന്മാരുടെ സമ്മേളനത്തിന്ന് സന്ദൎഭവും ഉണ്ടാക്കിത്തീൎത്തു.**

ശത്രുവിന്നു് ബാദ്ധ്യതപ്പെട്ടതായ വ്യവസ്ഥകളെ ശത്രുവിനെക്കൊണ്ടു് നിറവേററിക്കുന്ന കാൎയ്യത്തിൽ ഐക്യകക്ഷികളിൽ പെട്ട ഓരോരുത്തനും വേണ്ടതു് പ്രവൎത്തിക്കേണ്ടതാണു്.

ഭാവിയിൽ ലോകത്തിൽ ശാന്തമായും സമാധാനമായും ജീവിപ്പാനുള്ള സ്ഥിതിഗതികൾ ഉണ്ടാക്കിത്തീൎക്കുവാൻ ന്യായമായ ഒരു സൎവ്വരാഷ്ട്രസമിതിയുണ്ടാക്കേണമെന്നും, അതിൽ സൎവ്വകോയ്മകളും തങ്ങളുടെ വലുപ്പവും ചെറുപ്പവും ആലോചിക്കാതെ മെമ്പർമാരായിരിക്കേണമെന്നും തീൎച്ചയാക്കി.

അങ്ങിനെ ഒരു സമിതിയുണ്ടാകുന്നതുവരേക്കും ഐക്യകക്ഷി രാജ്യങ്ങൾ ലോകസമാധാനപരമായ കാൎയ്യങ്ങളിൽ അന്യോന്യം ആലോചിച്ചു് കാൎയ്യങ്ങൾ നടത്തേണ്ടതാണു്.

യുദ്ധം അവസാനിച്ചു കഴിഞ്ഞാൽ തങ്ങൾ തങ്ങളുടെ സൈന്യശക്തിയെ അന്യരാജ്യങ്ങളെ ഉപദ്രവിപ്പാനായി ഉപയോഗിക്കുന്നതല്ല.

യുദ്ധാനന്തരം ഉണ്ടാകുന്ന കാലത്തു് പടക്കോപ്പു നിൎമ്മാണ കാൎയ്യത്തിൽ ഓരോ ഐക്യകക്ഷി രാജ്യവും മററുള്ളവരോടാലോചിച്ചു നടക്കേണ്ടതാണു്.

ഇററലിയിൽ ഫാസിസ്റ്റു്മതം ഉന്മൂലനാശം ചെയ്തു് ഒരു പൊതുജനാധിപത്യഭരണം സ്ഥാപിക്കേണ്ടതാണു്.

യൂറോപ്പിലെ സമാധാനസംരക്ഷണത്തെ മുൻനിൎത്തി ആസ്ത്രിയാ രാജ്യത്തെ ഒരു സ്വതന്ത്രവും സ്വാശ്രയവുമായ കോയ്മയായി പുനരുദ്ധാരണം ചെയ്വാനും നിശ്ചയിച്ചു.

(6-ാം പേജിൽനിന്നു് തുടർച്ച)

ഇഷ്ടജനങ്ങൾക്കു കൂടി ശങ്കിക്കാനിടയില്ലല്ലോ. റഷ്യയുടെ ഓരോ പ്രഹരവും ഈ അന്ത്യം കുറിക്കുന്നുണ്ടു്. റഷ്യൻ രംഗത്തിലും ഇററാലിയൻ രംഗത്തിലും കാലം കിട്ടേണ്ടതിന്നു വേണ്ടിമാത്രം ചില ഗോഷ്ടികൾ ആയാൾ കാട്ടുന്നുണ്ടെന്നെയുള്ളു. തിരശ്ശീലക്കുള്ളിൽ അതിഗൌരവമായ പലേ കാൎയ്യങ്ങളും ജൎമ്മനിയിൽ നടക്കുന്നു. ഈ തിരശ്ശീല പൊങ്ങി ഉള്ളിലെ വൎത്തമാനം പുറത്തുവരുവാൻ അധികം കാലം വേണ്ടാ.

---

## ഞാൻ

കഞ്ഞി കുടിച്ചു കഴിഞ്ഞപ്പോളാണു് "ഞാൻ" എന്നുള്ള ബോധം ഉളവായതു്. ഇതുവരെ ബോധരഹിതനായി വെറും ഒരു മണ്ണാങ്കട്ടയായി കിടന്നിരുന്ന ഒരു വ്യക്തിക്കു, കഞ്ഞി കുടിച്ചു കഴിയുമ്പോൾ ഒരുൽബോധം ഉളവാകുന്നു. യാതൊരു തെററുമില്ല ഈ ഉൽബോധനയിലെന്നാണു് പറയേണ്ടതു്. എന്നാൽ അതെല്ലാവൎക്കും ഉണ്ടാകാൻ തരമില്ല. കേരളീയനാണൊ ഒരുവൻ, എന്നാൽ അവന്നു് കാലചക്രത്തിൻെറ ഗതികൊണ്ടു് ദാരുണമായ വല്ല മാററങ്ങളും വന്നിട്ടുണ്ടെങ്കിൽ തന്നെ, കഞ്ഞി കുടിച്ചു കഴിഞ്ഞാൽ യഥാൎത്ഥ ജ്ഞാനമുണ്ടാകുന്നു. ഈ "ടെസ്റ്റ്", ഈ പരീക്ഷ, അല്പം അതിശയോക്തിയല്ലെയെന്നു് പലരും സംശയിച്ചേക്കാം. പണ്ടു് നടുവിൽപാട്ട പട്ടേരി പാമ്പു് കടിച്ച പട്ടരുടെ വിഷം ഇറക്കിയത്രെ. മന്ത്രവാദം ചെയ്തിട്ടാണു്. എന്തായിരുന്നു മന്ത്രം? "സദ്യയുണ്ടു്; ദക്ഷിണയും ഉണ്ടു്"; എന്നു് ചെകിട്ടിൽ നാലു പ്രാവശ്യം ജപിച്ചു ഊതുകയാണത്രെ ചെയ്തതു്. പട്ടരു് ചത്തിട്ടില്ലെങ്കിൽ എണീക്കാതിരിക്കയില്ലെന്നായിരുന്നു പട്ടേരിയുടെ വിശ്വാസം. എന്നാൽ കേരളീയനെ സംബന്ധിച്ച കഞ്ഞിപരീക്ഷ അത്തരത്തിലുള്ളതൊന്നുമല്ല. യഥാൎത്ഥമായിട്ടുള്ളതാണു്. കേരളീയൻ ഇന്നു് ആത്മബോധമില്ലാതെ, തെണ്ടിത്തിരിയുന്ന കാൎയ്യക്കു ഏകകാരണം തൻെറ ആയവ്യയം അറിയാതെ ജീവിക്കാൻ തുടങ്ങിയതാണു്. "കപ്പി", ചായ, പിട്ടു്, ഇഡ്ഡലി, ഇതൊന്നും ഒരിക്കലും നമ്മുടെ നിത്യജീവിത പരിപാടിയില്ല. അങ്ങിനെയുള്ള ജീവിതം ഉദ്യോഗസ്ഥന്മാൎക്കാണു്. ഉദ്യോഗസ്ഥന്മാർ അതെല്ലാം കഴിച്ചുകൊള്ളട്ടെ ഉദ്യോഗസ്ഥന്മാർ നാട്ടിലെ ജനതയുടെ എത്രയോ നിസ്സാരമായ ഒരു പങ്കല്ലെ ഉള്ളു. അവരുടെ ജീവിതം നമുക്കു പകൎത്തേണ്ടാവശ്യമെന്തു്? ഉദ്യോഗസ്ഥന്മാർ കഞ്ഞി കുടിക്കാത്തതുകൊണ്ടു് കേരളം കേരളമല്ലാതെയാകയില്ല. ഒരു കോഴി കൂകിയില്ലെന്നുവെച്ചു് സൂൎയ്യൻ ഉദിക്കാതിരിക്കുമൊ? എന്നാൽ പൊതുജനങ്ങൾ തങ്ങളുടെ ആയ വ്യയമനുസരിച്ചുള്ള ജീവിതം ആചരിക്കാതിരിക്കുന്ന പക്ഷം നാടു് കുട്ടിച്ചോറാകുന്നു; കേരളം കേരളമല്ലാതെയാകുന്നു. ഉദ്യോഗസ്ഥജീവിതരീതിക്കു സാദൃശ്യമല്ലാതെ വരുമ്പോൾ സമുദായത്തിലെ യുവജനങ്ങൾ നാടുവിട്ടു പോയക്കളയാമെന്നു് വിചാരിക്കുന്നു. ഈ വിധം സമുദായം പാഴായിപോകുന്നു; നാടു നശിക്കുന്നു. കേരളത്തിൽ എനിക്കു രണ്ടു നേരം കഞ്ഞി കിട്ടിയാലും മതി; ഞാൻ അവിടെത്തന്നെ ജീവിക്കുവാൻ തീൎച്ചയാക്കുന്നുവെന്നു കേരളത്തിലെ യുവജനങ്ങൾ പ്രതിജ്ഞ ചെയ്യുന്ന പക്ഷം നമ്മുടെ നാട്ടിലെ ഐശ്വൎയ്യം വാളയാറിൻെറ കിഴക്കോട്ടു് കടക്കുമൊ? കടക്കുകയില്ല. കേരള യുവജനങ്ങളെ, ഉദ്യോഗസ്ഥ സമുദായമോ, വ്യവസായിക സമുദായമൊ ജീവിക്കുന്ന രീതികണ്ടു് ഭ്രമിക്കാതിരിക്കുവിൻ. നമ്മുടെ സ്ഥിതിഗതിയെ സംബന്ധിച്ചു് യഥാൎത്ഥമായ ആത്മബോധം വരുത്തുന്ന ഭക്ഷണം കഞ്ഞിയാണു്; ആയതു് കഴിച്ചു് ഞാൻ കേരളീയനാണെന്നുള്ള ആത്മബോധവും, ആത്മാഭിമാനവും നിങ്ങൾക്കു വരട്ടെ. ഈയൊരു ബോധം കേരള യുവജനങ്ങൾക്കു വന്നുകഴിഞ്ഞാൽ കേരളം സന്തുഷ്ടയായി. ഞാൻ എന്ന ഭാവനക്കു ഒരു സ്ഥാനം ഉറപ്പിക്കേണമെങ്കിൽ അതു് എൻെറ കുലത്തിനെ ആസ്പദിച്ചേ നിവൃത്തിയുള്ളു; അല്ലാത്ത പക്ഷം "ഞാൻ" തിരമാലയിൽ പെട്ടുകളിക്കുന്ന ഒരു വെറും മരക്കഷ്ണമാണു്. അതിനാൽ ഞാൻ ജീവിക്കുന്ന രീതി എൻെറ കുലത്തിനെ ആസ്പദിച്ചു കൊണ്ടുള്ളതായിരിക്കണം; എൻെറ കുലത്തിൻെറ സ്ഥിതിക്കനുസരിച്ചുകൊണ്ടുള്ളതായിരിക്കണം; എൻെറ കുലത്തിന്നൊരഭിമാനവും അലങ്കാരവുമായിക്കൊണ്ടായിരിക്കണം.

## അറിയിപ്പ്

"സ്ത്രീകളും യുദ്ധവും" എന്ന തലവാചകത്തിൽ യുദ്ധസഞ്ചികയുടെ ഒക്ടോബർ 29-ാം തിയ്യതിയിലെ ലക്കം 8-ാംപേജിൽ പ്രസിദ്ധംചെയ്ത ലേഖനം മിസ്സിസ്സ് മോണാ ഹെൻസ്മേൻ 1943 ഒക്ടോബർ 11-ാം തിയ്യതിചെയ്ത ആകാശവാണി പ്രസംഗത്തിൻെറ പരിഭാഷയാണു്.

# യുദ്ധത്തിന്റെ സാമ്പത്തിക മുഖങ്ങൾ

(തുടർച്ച)

പിന്നെ ഭക്ഷണസമരനിരയുടെ കാര്യം നാം എല്ലായ്പോഴും കേൾക്കുകയും കാണുകയും ചെയ്യുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ ഭക്ഷ്യോൽപാദനം വിപുലപ്പെടുത്തേണ്ട ഒരു ഘട്ടമാണു് വന്നിരിക്കുന്നതു്. യുദ്ധസാമഗ്രികളെ സംബന്ധിച്ചുള്ള വ്യവസായങ്ങൾ കാരണം ഭക്ഷണസാധനങ്ങളുടെ ഉൽപാദനത്തിനു കുറെ കോട്ടം തട്ടിപ്പോയി. ധാന്യങ്ങളുടേയും മററും പുറമെനിന്നുള്ള വരവും നിന്നു. എന്നാൽ പട്ടാളക്കാരും അഭയാർത്ഥികളുമായി ആളുകളാണെങ്കിൽ കുറെ അധികവുമായി. അതുകൂടാതെ ശത്രുപക്ഷക്കാരിൽനിന്നു അനേകായിരം തടവുകാരെ ഇന്ത്യയിൽ ഓരോ സ്ഥലങ്ങളിൽ സൂക്ഷിച്ചിട്ടുണ്ടു്. ഇന്നാട്ടുകാർക്കും അന്യനാട്ടുകാർക്കും വേണ്ടുവോളം ഭക്ഷ്യോൽപന്നങ്ങൾ ഇവിടെ സജ്ജീകരിക്കുവാനാണു ഭക്ഷണ സമരനിരയുടെ ശ്രമം. ഈ ഉദ്ദേശം സാധിക്കുവാനായി പല പദ്ധതികളും നാട്ടിൽ രൂപീകരിച്ചിട്ടുമുണ്ടു്, രൂപീകരിച്ചുവരുന്നുമുണ്ടു്. കൃഷിചെയ്യുന്നയിടങ്ങളിൽനിന്നു് കൂടുതൽ വിളവെടുക്കുവാൻ, കൃഷിനിലങ്ങൾ പാഴായിടാതിരിക്കുവാൻ, കൃഷിസ്ഥലങ്ങൾ വർദ്ധിപ്പിക്കുവാൻ—ഇതിന്നെല്ലാമാണു് ഭക്ഷണസമരനിരയിൽ ചുമതലപ്പെട്ടവർ ജനതയെ പ്രോത്സാഹിപ്പിക്കുന്നതു്.

ഉള്ളതിന്റെ അവസ്ഥപോലെ ഒരുമാതിരി എല്ലാവർക്കും സാധനങ്ങൾ കിട്ടുവാനായി ഇന്ത്യയിലും ചില സാധനങ്ങളുടെ കാര്യത്തിൽ ഓഹരിസമ്പ്രദായം ഏർപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം ഓരോ നിഷ്കർഷകൾ ഏർപ്പാടാക്കുമ്പോൾ കച്ചവടപ്രസ്ഥാനത്തിൽ ചില വ്യത്യാസങ്ങൾ വന്നേക്കാം. അത്യാവശ്യ സാധനങ്ങൾക്കു ദൌർല്ലഭ്യം ഉണ്ടാകും എന്നു കരുതി സാധനങ്ങൾ മറച്ചുവെക്കലും അന്യായവില ചുമത്തലും മററും വർത്തകന്മാർ തുടങ്ങുവാൻ വഴിയുണ്ടു്. ഇതിനു പരിഹാരമായി അധികാരികൾക്കു പല നയങ്ങളും പ്രയോഗിക്കേണ്ടിവരും. ചിലപ്പോൾ വിഭവങ്ങളുടെ വിതരണം ഗവർമ്മേണ്ടുതന്നെ ഏറെറടുക്കുകയാണു് ചെയ്യുന്നതു്. അല്ലെങ്കിൽ ന്യായവില ഷാപ്പുകൾ ഏർപ്പാടാക്കാം. യുദ്ധകാലത്തു് പട്ടാളാവശ്യം മാത്രം നോക്കി പൌരാവശ്യങ്ങളെ നിരാകരിക്കുന്നതു് അഭിമാനകരമൊ അഭിവൃദ്ധികരമൊ ആകയില്ല. ആദ്യത്തെ യുദ്ധകാലത്തു് ഈ കാര്യത്തിൽ ജർമ്മനി പഠിച്ച പാഠം ആരും ഓർമ്മിച്ചിരിക്കേണ്ടതാണു്.

ഇന്ത്യയിൽ ഇപ്രകാരം യുദ്ധസംരംഭങ്ങൾ പല മുഖമായും വിപുലപ്പെട്ടുവരുന്നു. പണപ്പിരിവ്, സാധനനിർമ്മാണം, വിനിയോഗനിയന്ത്രണം, അടിസ്ഥാട്ടു് ശേഖരം ഇവയെല്ലാം, ഇവിടെ കാണാവുന്നതാണു്. ബ്രിട്ടീഷിന്ത്യയിൽ ഏർപ്പെടുത്തീട്ടുള്ള ഈ പദ്ധതികൾ എല്ലാംതന്നെയൊ അല്ലെങ്കിൽ അവയിൽ ചിലതൊ ഔചിത്യം പോലെയും അവശ്യംപോലെയും നാട്ടുരാജ്യങ്ങളിലും വകത്തീട്ടുണ്ടെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ഇങ്ങനെ ഭാരതസാമ്രാജ്യമൊട്ടാകെ വ്യാപ്തമായ ഒരു സാമ്പത്തിക സമരനിരയാണു് പ്രബലപ്പെട്ടുവരുന്നതു്. ഇതു അത്യാവശ്യം തന്നെയാണു്. എന്തുകൊണ്ടെന്നാൽ ഭാരതമാതാവിന്റെ സാമ്പത്തിക കരത്തിന്നു ബലം കൂടുമ്പോൾ സഖ്യശക്തികൾക്കു ശത്രുപക്ഷക്കാരെ അടക്കുവാനുള്ള ബുദ്ധിമുട്ടു് എത്രയും കുറയുമെന്നുള്ളതു അശേഷം സംശയിക്കുവാനില്ല.

ആധുനികയുദ്ധത്തിൽ സാമ്പത്തിക സമരനിരയുടെ പ്രാധാന്യം എത്രയെന്നു പറയുവാൻ പ്രയാസമാണു്. ഇതിന്റെ പ്രയോജനം ഒരു വിമാനാക്രമണംപോലെയല്ല. ഇതൊരത്ഭുതക്കാഴ്ചയല്ല. വെട്ടന്നു ഫലം കാണുന്നില്ല. പക്ഷെ സാമ്പത്തിക കരത്തിന്റെ പിടുത്തം ഭദ്രമാണു്. അതിൽനിന്നു രക്ഷയില്ല. സാവധാനത്തിലാണെങ്കിലും നിസ്സംശയമായി അതു ശത്രുവിനെ അശേഷം പരവശനാക്കി കാല്ക്കൽ വീഴ്ത്തുന്നു.

യുദ്ധം അവസാനിക്കുന്നു എന്നുവെക്കുക. അപ്പോൾ ഓരോ രാജ്യങ്ങളിലെ സാമ്പത്തിക പ്രസ്ഥാനത്തിനു എന്തെല്ലാം മാററങ്ങൾ വരുമെന്നു് ഇനി ആലോചിക്കാം. ഒരു സമരത്തിന്റെ സാമ്പത്തിക ഫലങ്ങൾ ഇന്നിന്നവയായിരിക്കുമെന്നു തീർത്തുപറയുവാൻ കുറെ ബുദ്ധിമുട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ സമരശേഷം സാമുദായികമായും സാമ്പത്തികമായും മററും പല പരിണാമങ്ങളും വന്നേക്കാമെങ്കിലും അവയിൽ ഏതെല്ലാം എത്രത്തോളം യുദ്ധംകൊണ്ടുണ്ടായതാണു് എന്നു പറയുന്നതു സൂക്ഷിച്ചുവേണം. ഈ ഫലങ്ങളെപ്പററി അന്വേഷിക്കുവാൻ പല ഇനങ്ങളായി കണക്കുകൾ ശേഖരിക്കുന്നതു വളരെ സഹായമായിരിക്കും.

യുദ്ധത്തിന്റെ ഫലങ്ങളെ പൊതുവെ ആലോചിക്കുവാൻ യുദ്ധകാലത്തെ ചില ഒരുക്കങ്ങളെ ഓർമ്മവെക്കാം. ഗവർമ്മേണ്ടു സ്വദേശത്തുനിന്നും വിദേശത്തുനിന്നും വളരെകടം വാങ്ങിച്ചിട്ടുണ്ടാകും. പിന്നെ മിക്ക വ്യവസായശാലകളും യുദ്ധാവശ്യത്തിനുള്ള സാമഗ്രികൾ ഉണ്ടാക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കും എന്നു പറയുകയുണ്ടായിട്ടുണ്ടല്ലൊ. ഈ വ്യവസായങ്ങളിൽ പലതും ഗവർമ്മേണ്ടുതന്നെ നടത്തുന്നവയായിരിക്കും. അല്ലെങ്കിൽ ഗവർമ്മേണ്ടു നിയന്ത്രണം ധാരാളം ഉണ്ടായിരിക്കും നിശ്ചയംതന്നെ. വിഭവങ്ങൾ ഉണ്ടാക്കിക്കഴിഞ്ഞാൽ അവയിൽ വലിയൊരുഭാഗം ഗവർമ്മേണ്ടുതന്നെയായിരിക്കും വിലയ്ക്കുവാങ്ങുന്നതു്. സമരസമയത്തു് അനവധിയാളുകൾ യുദ്ധസംരംഭങ്ങൾ സംബന്ധിച്ചുള്ള വകുപ്പുകളിലും വ്യവസായശാലകളിലും ജോലിയെടുത്തായിരിക്കും നിത്യവൃത്തി കഴിച്ചുകൂട്ടുന്നതു്.

സാമ്പത്തികസംഘടന ഇങ്ങനെയിരിക്കുമ്പോളായിരിക്കും ഒരു ദിവസം ശത്രുക്കൾ കൊടി താഴ്ത്തി സമാധാനത്തിനു് അപേക്ഷിക്കുന്നതു്. അതോടുകൂടി യുദ്ധസംരംഭങ്ങളെല്ലാം നില്ക്കുന്നു. യുദ്ധത്തിൽ ജയിച്ചവർക്കു് എത്രയോവളരെ നശിച്ചു. തോററവർക്കു അതിലും എത്രയൊ അധികം നശിച്ചു. ആരെല്ലാം എന്തെല്ലാം സങ്കടങ്ങൾ അനുഭവിച്ചു. ആദ്യത്തെ ലോകയുദ്ധത്തിൽ ഏകദേശം എണ്പത്തിഅഞ്ചുലക്ഷം ജനങ്ങളാണു കൊല്ലപ്പെട്ടതു്, എഴുപത്തി ഏഴരലക്ഷം ജനങ്ങളെപ്പററി "വിവരമില്ല". ഇവരിൽ മിക്കവരും ചെറുപ്പക്കാരും ചുറുചുറുക്കുള്ളവരും രാജ്യത്തിന്റെ രാഷ്ട്രീയമായും സാമ്പത്തികമായും ഉള്ള അഭിവൃദ്ധിക്കു് പലതും ചെയ്വാൻ പ്രാപ്തിയുള്ളവരുമായിരിക്കും എന്നുള്ളതാണു് വലിയ കഷ്ടം. ഒരു യുദ്ധശേഷം ലോകം സാമ്പത്തികമായി എത്രയോ ക്ഷീണിച്ചിരിക്കും. ഈ ക്ഷീണത്തെ മാററി ലോകത്തെ പുനരുദ്ധരിപ്പിക്കുവാൻ പെട്ടന്നോ എളുപ്പത്തിലോ സാധിക്കുന്നതല്ല.

യുദ്ധം നില്ക്കുമ്പോളുണ്ടാകുന്ന പരിണാമങ്ങളുടെ ചില വശങ്ങൾ നോക്കാം. ഗവർമ്മേണ്ടുകൾ സമരശ്രമങ്ങളെ നിർത്തുമെന്നു് പറഞ്ഞുവല്ലൊ, അതായതു, യുദ്ധം സംബന്ധിച്ചുള്ള വകുപ്പുകൾ ഗവർമ്മേണ്ടു് വേണ്ടാ എന്നുവെക്കുന്നു. യുദ്ധസാമഗ്രികളും അവർ വാങ്ങുന്നതു് നിർത്തുന്നു. അപ്പോൾ വ്യവസായനേതാക്കന്മാർക്കു വിഭവോല്പാദനവും കുറയ്ക്കേണ്ടിവരുന്നതായിരിക്കുമല്ലൊ. ഇതിനിടയ്ക്കു ചില പട്ടാളങ്ങളേയും പിരിച്ചുവിട്ടേക്കാവുന്നതാണു്. ഇതിന്റെയെല്ലാം ഫലമായി ലക്ഷക്കണക്കിൽ ആളുകൾ സ്വന്തം നാടുകളിലേക്കും വീടുകളിലേക്കും തിരിച്ചെത്തുന്നു. ഇവർക്കെല്ലാം ജോലികൾ വേണ്ടതുപോലെ വേഗത്തിൽ ഉണ്ടാക്കികൊടുക്കുവാൻ അധികാരികൾക്കു സാധിക്കുകയില്ല. യുദ്ധകാലത്തെ സാമ്പത്തികസംഘടന സമാധാനകാലത്തേക്കു് ഉപയോഗമാകേണമെങ്കിൽ അതിന്റെ പല ഭാഗങ്ങളും ഉടച്ചുവാർക്കേണ്ടതായിത്തന്നെവരും. ഇങ്ങനെ ചെയ്യുന്നതു ചില രാജ്യങ്ങളിൽ എളുപ്പമല്ല. അതിനു പല കാരണങ്ങളും പറയാം. യുദ്ധകാലത്തു് എടുത്ത ചില നടപടികൾ കാരണം രാജ്യത്തെ നാണയപ്രസ്ഥാനം ആകപ്പാടെ തകരാറായി പലർക്കും അതിൽ വിശ്വാസംപോരാതെ വന്നിരിക്കും. ക്രയവിക്രയങ്ങൾക്കു ഇതു വലിയ തടസ്സമാണു്. ചില രാജ്യങ്ങൾക്കു സമാധാനകാലത്തു് കയററുമതിക്കച്ചവടം കൊണ്ടായിരിക്കും സാമ്പത്തികാഭിവൃദ്ധി ഉണ്ടായിരുന്നതു്. എന്നാൽ യുദ്ധം വിദേശ കച്ചവടപ്രസ്ഥാനം പലവിധത്തിലും ഇളക്കിമറിക്കുന്നതാണു്. അക്കാലങ്ങളിൽ പല രാഷ്ട്രങ്ങൾ തമ്മിൽ വേഴ്ചയും വിശ്വാസവും കുറയുമല്ലൊ. യുദ്ധകാലത്തെ ദീവാളിത്തംകൊണ്ടു ചിലർ പൊളിഞ്ഞു അവർക്കു ക്രയവിക്രയത്തിന്നുള്ള പ്രാപ്തി നശിച്ചിരിക്കും. ഇതെല്ലാം കച്ചവടത്തിന്നു ഭംഗമാകുന്നതാണു്. മറെറാരു സംഗതിയുംകൂടി ഇക്കാലങ്ങളിൽ കണ്ടുവരുന്നു. ഒരു രാജ്യക്കാർക്കു് ആവശ്യമുള്ള സാധനങ്ങൾക്കു മറെറാരു രാജ്യക്കാരെ ആശ്രയിക്കുന്നതു നല്ലതല്ലെന്നുള്ള ബോധം പ്രബലപ്പെടും. അപ്പോൾ പല രാജ്യങ്ങളിലും അവയുടെ അതിർത്തിക്കുള്ളിൽത്തന്നെ പല വ്യവസായങ്ങളും തുടങ്ങുന്നതാണു്. പിന്നീടു യുദ്ധം കഴിയുമ്പോൾ ആ രാജ്യക്കാർക്കു വിഭവങ്ങൾ കൊടുത്തുവന്നിരുന്ന വിദേശങ്ങളിലെ വ്യവസായികൾക്കും വ്യാപാരികൾക്കും ജോലിയും കച്ചവടവും കുറയുകയൊ ഇല്ലാതാകുകയൊ ചെയ്യുന്നു. ഇതുകൊണ്ടുള്ള അസൌകര്യം ഇംഗ്ലണ്ടിനു കുറച്ചനുഭവിക്കേണ്ടിവന്നിട്ടുണ്ടു്. ഇപ്പോഴത്തെ യുദ്ധാവശ്യത്തിന്നായി ഇന്ത്യയിൽ പല വ്യവസായങ്ങളും തുടങ്ങീട്ടുണ്ടു്. ഇവയിൽ ചിലതെങ്കിലും നല്ലവണ്ണം വേരുപിടിച്ചുവന്നു് നമുക്കു്വേണ്ട വിഭവങ്ങൾ തരുവാൻ പ്രാപ്തിയുള്ളവയായി വരാമെന്നു വിശ്വസിക്കാവുന്നതാണു്. അതുകൊണ്ടു യുദ്ധംകഴിഞ്ഞാൽ അന്യരാജ്യങ്ങളിൽനിന്നു് ആ ഉല്പന്നങ്ങൾ നമുക്കു് വാങ്ങേണ്ട ആവശ്യമുണ്ടാകയില്ല. അപ്പോൾ അവിടങ്ങളിൽ ആ വിഭവങ്ങൾ ഉണ്ടാക്കിയിരുന്നവർക്കു പല കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിവരും; അവർക്കു കഴിച്ചിലിനു് പുതിയ വ്യവസായങ്ങൾ വിപുലപ്പെടുത്തേണ്ടതായും വരും. ഇതിനു ബുദ്ധിമുട്ടും കാലതാമസവും ഉണ്ടാകും.

സമരം കാരണം പരദേശങ്ങളായിട്ടുള്ള കച്ചവടത്തിന്റെ ചാലുകൾ പലതരത്തിലും തിരിയുവാൻ വഴിയുണ്ടു്. ചില ചാലുകൾ മുഴുവനും മുടങ്ങിപ്പോയേക്കാം. വാഹനസൌകര്യങ്ങളുടെ ദൌർല്ല

ഭ്യംകാരണം ചില ചാലുകളിൽക്കൂടിയുള്ള കച്ചവടം ശോഷിക്കയും ചെയ്യും. പുതിയ രാജ്യക്കാരായിട്ടുള്ള കച്ചവടം വിപുലപ്പെടുത്തുവാൻ ആദ്യം അവരുടെ ഇഷ്ടാനിഷ്ടങ്ങളെ അന്വേഷിച്ചറിയണം. എന്നതിൽ പിന്നെ മാത്രമെ അവൎക്കുവേണ്ട വിഭവങ്ങളെ വേണ്ടേടത്തോളം ഉണ്ടാക്കേണ്ടതിനുള്ള വ്യവസായസംഘടന രൂപീകരിക്കുവാൻ സാധിക്കയുള്ളു. പുതിയവരൊന്നും നിവൃത്തിയില്ല പണ്ടുണ്ടാക്കിയിരുന്ന വിഭവങ്ങൾ മാത്രമേ സാധിക്കുകയുള്ളു എന്നുവെച്ചാൽ ഉല്പന്നങ്ങളുടെ വില്പന നടത്തുവാൻ പുതിയ സ്ഥലങ്ങൾ കണ്ടുപിടിക്കേണ്ടതായി വരും. ചില രാജ്യങ്ങളിൽ വ്യവസായങ്ങൾ ശൈശവാവസ്ഥയെ വിട്ടു സാവധാനത്തിൽ പ്രബലപ്പെട്ടുവന്നിരുന്ന സന്ദൎഭത്തിലായിരിക്കും യുദ്ധത്തിൽപെട്ടു തോൽവി പററുന്നതു്. അപ്പോൾ ജയിച്ചവർ ആ വ്യവസായങ്ങളെ ക്ഷീണിപ്പിക്കുകയും പ്രത്യേകിച്ചു അവരുടെ വ്യവസായങ്ങളോടു മത്സരിക്കുന്നവയാണെങ്കിൽ അവയെ തീരെ നശിപ്പിക്കുകയും ചെയ്യും. ജയിച്ചവൎക്കു ആവശ്യമുള്ള അസംസ്കൃത പദാൎത്ഥങ്ങൾമാത്രം സംഭരിച്ചുകൊടുത്തു തോല്പിക്കപ്പെട്ട രാജ്യക്കാർ നിത്യവൃത്തി കഴിക്കേണ്ടി വരുന്നതാണു്.

യുദ്ധകാലത്തു നിയന്ത്രണം, വിലനിൎണ്ണയം, വിഭവവിക്രയം എന്നുള്ളതെല്ലാം ഗവൎമ്മേണ്ടു വ്യവസായലോകത്തിൽ പ്രയോഗിക്കുമെന്നു മുമ്പു പറയുകയുണ്ടായി. യുദ്ധം കഴിയുമ്പോൾ ഈവക ശ്രമങ്ങളിൽനിന്നു ഗവൎമ്മേണ്ടു പിന്മാറും. അതോടുകൂടി വ്യവസായലോകത്തിലും ഒരു ഇളക്കം ഉണ്ടാകാതിരിക്കയില്ല. കണ്ണുകെട്ടിയ ഒരാളെ മററൊരാൾ വേഗം നടത്തി നാലഞ്ചു പ്രാവശ്യം ചുററിത്തിരിച്ചു പെട്ടെന്നു വിട്ടാൽ അയാളുടെ സ്ഥിതിമാതിരിയായിരിക്കും വ്യവസായലോകത്തിലും. സഹായമുണ്ടായിരുന്നതു പെട്ടെന്നു പോയാൽ വ്യവസായങ്ങൾക്കു വലിയ ഇടിവു തട്ടാൻ വഴിയുണ്ടു്. വ്യാപകമായ ഒരു സാമ്പത്തികാധഃപതനംതന്നെ രാജ്യത്തു സംഭവിച്ചേക്കാം. പണം പോയിട്ടും പണിയില്ലാഞ്ഞിട്ടും ജനങ്ങൾ വളരെ അരിഷ്ടതകൾ അനുഭവിക്കും. ഒന്നാം ലോകയുദ്ധം കഴിഞ്ഞപ്പോഴും പത്തൊമ്പതാം നൂററാണ്ടിലെ നെപ്പോളിയയുദ്ധം കഴിഞ്ഞപ്പോഴും ഈ തരത്തിലുള്ള ഫലങ്ങൾ കാണുകയുണ്ടായി.

സാമ്പത്തികാധഃപതനംകൊണ്ടു ജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടാകാമെങ്കിലും ഗവൎമ്മേണ്ടുകൾക്കു നികുതികൾ താഴ്ത്തി ആ ബുദ്ധിമുട്ടു കുറയ്ക്കുവാൻ സുസാദ്ധ്യമായിരിക്കയില്ല. എന്തുകൊണ്ടെന്നാൽ യുദ്ധകാലത്തു വാങ്ങിയ കടത്തിന്റെ മുതലും പലിശയും ഉത്തമൎണ്ണൎക്കു കൊടുത്തുകൊണ്ടിരിക്കേണ്ടി വരുമെല്ലൊ. ഈ ആവശ്യത്തിനു ധാരാളം പണം പിരിച്ചെടുക്കേണ്ടിവരുന്നതാണു്. വിദേശങ്ങളിൽനിന്നാണു കടം വാങ്ങിയതെന്നുവെച്ചാൽ നാട്ടുകാരിൽനിന്നു പിരിച്ചെടുത്ത സംഖ്യ രാജ്യത്തുനിന്നു പുറത്തേക്കുതന്നെ അയക്കേണ്ടിവരുമല്ലൊ. സ്വദേശക്കടമാണെങ്കിൽ ആ രാജ്യക്കാരുടെയിടയിൽ തന്നേയാണു് നികുതികളായി പിരിക്കപ്പെട്ട പണം വീണ്ടും വിതരണം ചെയ്യുന്നതു എന്നൊരു സമാധാനമുണ്ടു്. തോല്പിക്കപ്പെട്ട രാജ്യങ്ങൾക്കു ഋണഭാരം മാത്രമല്ല ഉണ്ടാകുയുള്ളു. ജയിച്ചവർ പല ഇനങ്ങളായിട്ടും തോററവരോടു പ്രതിഫലമൊ നാശത്തിനു പരിഹാരമൊ ചോദിക്കുന്നതാണു്. ഈ പ്രതിഫലം കൊടുക്കുവാൻ മുട്ടിച്ചതു കാരണം ഒന്നാം മഹായുദ്ധത്തിനുശേഷം ജൎമ്മനിക്കു തല പൊന്തിക്കുവാനുണ്ടായ ബുദ്ധിമുട്ടു കുറച്ചൊന്നുമല്ലായിരുന്നു.

ഒരു ആധുനിക യുദ്ധത്തിന്റെ ഫലങ്ങൾ അതിനുള്ള കാരണങ്ങളും സംരംഭങ്ങളും എന്നപോലെ ബഹുമുഖങ്ങളാണു്. സ്ത്രീപുരുഷസംഖ്യകൾ അക്രമമായി വ്യത്യാസപ്പെടുന്നു. പലവിധ വസ്തുക്കൾ ഒട്ടനവധി നശിക്കുന്നു. സാമ്പത്തിക സംഘടനക്കും വലിയ മാററങ്ങൾ വരുന്നു. രാജ്യത്തെ നാണയപ്രസ്ഥാനത്തിനു പറയത്തക്ക സ്ഥിരതയൊന്നും ഉണ്ടാകയില്ല. ഈ അസ്ഥിരത പൊതുവേ ഗുണകരമല്ല എന്നാണു് സമുദായശാസ്ത്രവിദഗ്ദ്ധന്മാരുടെ അഭിപ്രായം. യുദ്ധകാലത്തെ പ്രത്യേക നികുതികളുടെ ഫലമായി ധനികന്മാരുടെ സ്വത്തു കുറഞ്ഞു സമുദായത്തിലെ ധനവിതരണരീതിക്കു വ്യത്യാസം വരാം. വേറെ കാരണങ്ങൾകൊണ്ടും ഇങ്ങനെ വരുവാൻ വഴിയുണ്ടു്. യുദ്ധവ്യവസായങ്ങളുടെ വികാസം കാരണം എടുത്ത ജോലിക്കു കൂലിയായും വിററ വിഭവത്തിനു വിലയായും പണം അങ്ങുമിങ്ങും ധാരാളമായി കൈമറിയുമല്ലൊ. ഇതിനു പുറമേ അനവധി സ്ത്രീകൾ യുദ്ധകാലത്തു കമ്പനികളിലും ഗവൎമ്മേണ്ടാപ്പീസ്സുകളിലും ജോലിനോക്കി ശമ്പളം വാങ്ങുന്നു. അമേരിക്കയിൽ ഇപ്പോൾ വിമാനനിൎമ്മാണ വ്യവസായത്തിലെ ജോലിക്കാരിൽ മൂന്നിലൊരുഭാഗം സ്ത്രീകളാണത്രെ. അങ്ങനെ എത്ര സ്ത്രീകൾക്കാണു യുദ്ധംനിമിത്തം പരാശ്രയം ആവശ്യമില്ലാതായി സാമ്പത്തിക സ്വാതന്ത്ര്യം ലഭിക്കുന്നതു്! വ്യവസായത്തിലും കച്ചവടത്തിലും വരാവുന്ന മാററങ്ങളെപ്പററി കുറച്ചൊന്നു പറഞ്ഞുകഴിഞ്ഞിരിക്കുന്നു. യുദ്ധത്തിന്റെ ഫലങ്ങളുടെ സകല മുഖങ്ങളേയും പററി ഒരുപോലെ വിസ്തരിച്ചു പറയുവാൻ ഈ ലഘുപത്രികയിൽ സാധിക്കുന്നതല്ല. ഇപ്പോൾ നടക്കുന്ന ഭയങ്കരസമരത്തിന്റെ ഭാവിഫലങ്ങൾ മുമ്പുണ്ടായിട്ടുള്ള യുദ്ധങ്ങളുടെ ഫലങ്ങളേക്കാൾ വമ്പിച്ചതായിരിക്കും. ഹിററ്ലറുടെ ദുൎമ്മോഹം കാരണം ലോകത്തിനു 1943-ാമാണ്ടു തുടങ്ങുന്നതിനു മുമ്പുതന്നെ രണ്ടുലക്ഷം കോടി രൂപയ്ക്കുള്ള നഷ്ടം പററിയിരിക്കുന്നു എന്നാണു് ഐക്യരാജ്യഗവൎമ്മേണ്ടിന്റെ കച്ചവടവകുപ്പു ഇയ്യിടെ ഒരു കണക്കെടുത്തപ്പോൾ കണ്ടതു്. ഈ ബാധ ഒഴിഞ്ഞു കിട്ടണമെങ്കിൽ ഇനിയും എത്ര ചെലവാകണം, ആവൊ? യുദ്ധം അവസാനിച്ചാൽതന്നെ ഒന്നു രണ്ടു കൊല്ലംകൊണ്ടും മററും അതുകാരണമുണ്ടായ നഷ്ടം പരിഹരിക്കുവാൻ സാധിക്കുകയില്ല. ഈ മഹാസമരത്തിന്റെ ദോഷമെല്ലാം നീങ്ങണമെങ്കിൽ ഒരു തലമുറതന്നെ വേണ്ടിവന്നേക്കാം. പക്ഷെ ഹിററ്ലർ, ടോജൊ മുതലായവരെപ്പോലെ യുദ്ധത്തെ കാമിക്കുന്ന കണ്ടകന്മാൎക്കു ഈ യുദ്ധംകൊണ്ടുള്ള കഷ്ടാരിഷ്ടങ്ങൾ ഒരിക്കലും മറക്കാത്ത നല്ലൊരു പാഠമായിരിക്കും എന്നു നമുക്കു വിശ്വസിക്കുക. എന്നാൽ യുദ്ധശേഷം ലോകത്തിനുണ്ടാകാവുന്ന അവശതകൾ കുറക്കുവാൻ മററുള്ളവൎക്കു സാധിക്കും. അതുമാത്രമല്ല, കൂട്ടായ്മക്കൊലയും കവൎച്ചയും ഇല്ലാതെ, ഭയവും അരിഷ്ടവും കൂടാതെ, ആൎക്കും സ്വതന്ത്രരായി സമാധാനത്തോടുകൂടി കാലം കഴിക്കാവുന്ന ഒരു ലോകത്തെ വലിയ കാലതാമസം കൂടാതെ സൃഷ്ടിക്കുവാൻ സാത്വികശക്തികൾക്കു സാധിക്കുമെന്നും നമുക്കു ന്യായമായി പ്രതീക്ഷിക്കാവുന്നതാണു്.

(ലോകപ്രകാശികാ ഗ്രന്ഥമാല: കൊച്ചി യുദ്ധ പ്രസിദ്ധീകരണ വകുപ്പിൽനിന്നു്)

# പ്രൊവിൻഷ്യൽ ബ്രോഡ്കാസ്റ്റിങ്ങ് ഡിപ്പാട്ട്മെണ്ട്

## മദ്രാസ് സംസ്ഥാനത്തിലെ ആകാശവാണി ഡിപ്പാട്ട്മെണ്ട്

### 1942-43 ഭരണറിപ്പോട്ട്

ഇക്കൊല്ലത്തോടുകൂടി ഈ ഡിപ്പാട്ട്മെണ്ട് ഉണ്ടായിട്ടു അഞ്ചു കൊല്ലമായി. ഉൾനാടുകളിൽ 95 ആകാശവാണി യന്ത്രങ്ങളും മുനിസിപ്പാലിററികളിൽ 12 യന്ത്രങ്ങളും ഇക്കൊല്ലം സ്ഥാപിച്ചു. 1943 ആഗസ്റ്റ് 13-ാം തിയ്യതിക്കു ഒട്ടാകെ 467 യന്ത്രങ്ങൾ ഉൾനാടുകളിലും 108 യന്ത്രങ്ങൾ മുനിസിപ്പാലിററികളിലും സ്ഥാപിച്ചിട്ടുണ്ടു്. ഡിപ്പാട്ട്മെണ്ടിന്റെ സഹായം ഇല്ലാതെതന്നെ ചില മുനിസിപ്പാലിററികളും പഞ്ചായത്തു ബോൎഡുകളും യന്ത്രങ്ങൾ സ്ഥാപിച്ചിരിക്കുന്നു. സംസ്ഥാനത്തിൽ 83 മുനിസിപ്പാലിററികളുള്ളതിൽ ആകാശവാണി യന്ത്രം ഇല്ലാത്തതു് എട്ടെണ്ണത്തിലേയുള്ളു. അവയിലും അധികം താമസിയാതെ ഈ യന്ത്രങ്ങൾ സ്ഥാപിച്ചേക്കാം.

യുദ്ധവൎത്തമാനം വിശ്വാസയോഗ്യമായ നിലയിൽ പൊതുജനങ്ങളെ അറിയിക്കേണ്ടതിന്നു് 300 റേഡിയോ യന്ത്രങ്ങളുടെ പകുതിച്ചെലവു ഗവൎമ്മേണ്ടിൽനിന്നു് വഹിക്കാമെന്നു് പറഞ്ഞു. അതുപോലെതന്നെ നാട്ടുപുറങ്ങളിലുള്ള റേഡിയോ യന്ത്രങ്ങളുടെ നടത്തിപ്പു ചെലവിൽ പകുതിയും യുദ്ധം കഴിയുന്നതുവരെ ഗവൎമ്മേണ്ടിൽനിന്നു് വഹിക്കാമെന്നു് പറഞ്ഞിരിക്കുന്നു. അതിനാൽ ഇത്ര യന്ത്രങ്ങളെ നാട്ടുപുറങ്ങളിൽ സ്ഥാപിച്ചുകഴിഞ്ഞു. മേൽ നിശ്ചയത്തിന്മേൽ കുറെക്കൂടി യന്ത്രങ്ങൾ സ്ഥാപിച്ചുകിട്ടുവാൻ അപേക്ഷകളുണ്ടു്. പുറമെ, 200 യന്ത്രങ്ങൾക്കുകൂടി ഗവൎമ്മേണ്ടു സഹായം അനുവദിച്ചിരിക്കുന്നു. ഒട്ടാകെ ഇപ്പോൾ 500 യന്ത്രങ്ങൾക്കു ഗവൎമ്മേണ്ടു സഹായം കൊടുക്കുന്നുണ്ടു്. പുതുതായി അനുവദിച്ചതിൽ 26 യന്ത്രങ്ങൾകൂടി ഇപ്പോൾ സ്ഥാപിച്ചിരിക്കുന്നു. ബാക്കിയുള്ളവയെ സ്ഥാപിക്കാത്തതു് യന്ത്രങ്ങൾ കിട്ടാത്തതുകൊണ്ടാണു്. ഇതിനുശേഷം 568 യന്ത്രങ്ങൾ വെറുതെ തരാമെന്നു് ഇന്ത്യാ ഗവൎമ്മേണ്ടു് വാഗ്ദത്തം ചെയ്തിരിക്കുന്നു. ഇതു ഈ സംസ്ഥാനത്തിലെ പൊതുജനങ്ങൾക്കു വൎത്തമാനങ്ങൾ അറിവാൻ വേണ്ടിയാണു്. ഇവയെ എവിടെയാണു് സ്ഥാപിക്കേണ്ടതെന്നു് ആലോചിച്ചുവരുന്നുണ്ടു്.

(4-ാം പേജിൽനിന്നു തുടർച്ച)

ഭരണം അവിടെ സുസ്ഥിരമായി സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ലല്ലോ. ഗ്രീക്കുകാർ അവരുടെ സ്വാതന്ത്ര്യത്തിന്നുവേണ്ടി ഇന്നും അവിടെവെച്ച് യുദ്ധം നടത്തുന്നു. ഗ്രീക്കു ഗവർമ്മേണ്ട് ഈജിപ്റ്റിൽ കേയിറോവിലിരുന്നുകൊണ്ട് ഐക്യകക്ഷികളുടെ സഹായത്തോടുകൂടി മാതൃഭൂമിയുടെ മോചനത്തിന്നായിക്കൊണ്ട് ശ്രമിച്ചുവരുന്നു. ലോകചരിത്രത്തിന്റെ ആദ്യകാലം എടുത്തുനോക്കുന്നപക്ഷം ഗ്രീക്കുസമുദായം ലോകത്തിലെ മററു മനുഷ്യസമുദായങ്ങളെ സംസ്കാരജീവിതം എങ്ങിനെയാണെന്ന് പഠിപ്പിച്ചവരാണെന്നു കാണാം. ഇന്ന് ഗ്രീസിലെ ജനത സ്വാതന്ത്ര്യത്തിന്നുവേണ്ടി പൊരുതുന്നതു് കണ്ടാൽ മനുഷ്യസമുദായത്തെ യഥാർത്ഥ പൌരുഷത്തോടുകൂടി മരിക്കാൻ പഠിപ്പിക്കുകയാണെന്ന് തോന്നും. ഗ്രീക്കുകാർ താരതമ്യേന എത്രയൊ ചെറിയ ഒരു സമുദായമാണെങ്കിലും അവർ ജർമ്മൻ സൈന്യങ്ങളെ മുഹൂർത്തനേരം തടഞ്ഞുനിർത്തിയതുകൊണ്ടാണ് ബ്രിട്ടന്ന് ഈജിപ്റ്റിലേക്കു തക്കതായ സഹായം അയക്കുവാൻ സമയം കിട്ടിയതു്. ഗ്രീസിന്റെ തടസ്ഥം അന്നവിടെയുണ്ടായിരുന്നില്ലെങ്കിൽ ഒരു കുതികൊണ്ടു ജർമ്മൻസൈന്യം ഈജിപ്റ്റിൽ വന്നേനേ.

## യൂഗോസ്ലേവിയാ

ഗ്രീസ്സിന്റെ കഥ പറഞ്ഞതുപോലെതന്നെയാണ് യൂഗോസ്ലേവിയായുടെതും. ഏററവും കരുത്തുള്ള ഒരു സമുദായം അധിവസിക്കുന്ന പ്രദേശമാണിതു്. എന്നാൽ ഗ്രീസ്സിനെപ്പോലെ ഒരു വലിയ പുരാണചരിത്രമുള്ള രാജ്യമല്ല. യൂഗോസ്ലേവിയായെന്നു പറയുന്ന കോയ്മ ഒരു സ്വതന്ത്രരാജ്യമായി ആവിർഭവിച്ചതു് കഴിഞ്ഞ യുദ്ധത്തിന്നുശേഷമാണ്. കഴിഞ്ഞ യുദ്ധത്തിന്നു മുമ്പ് ഇന്നത്തെ യൂഗോസ്ലേവിയായിൽപെട്ട രാജ്യങ്ങൾ സേർബിയാ, മോണ്ടിനീഗ്രോ, ക്രോഷ്യ, ഡാൽമേഷ്യ, ബോസ്നിയാ, ഹറിസോഗോവിനാ, സ്ലവോണിയാ എന്നിവയായിരുന്നു. ഇവയെ എല്ലാംകൂടി കൂട്ടിച്ചേർത്തു് നിർമ്മിച്ചതാണ് യൂഗോസ്ലേവിയാ. ഇവയെ കൂട്ടിച്ചേർത്തതിൽ യാതൊരു തെററുമില്ല. എത്രയോ ചെറിയ കോയ്മകളായിരുന്നതിനാൽ ജർമ്മനിയെപ്പോലുള്ള ചില നിഷ്ഠുരശക്തികൾക്കു എപ്പോഴെങ്കിലും യുദ്ധം ആരംഭിക്കേണമെന്നു തോന്നിയാൽ ഇങ്ങിനെയുള്ള രണ്ടു കോയ്മകളെ പിടിച്ച് തമ്മിൽതല്ലിച്ചാൽ മതിയായിരുന്നു. ഇതിന്നിട വരരുതെന്നുവെച്ചാണ് ഇവയെ കൂട്ടിച്ചേർത്തു് ചെറുകിടയിൽ ഒരു ഒന്നാംകിട കോയ്മയാക്കിയതു്. പക്ഷെ, അവിടത്തെ ഭരണരീതി നാനാസമുദായങ്ങളെ രഞ്ജിപ്പോടുകൂടി ചേർക്കുന്ന ഒന്നല്ലായിരുന്നു. എങ്കിലും ഇവർ ഏററവും കരുത്തും തേജസ്സും ഉള്ള ഒരു സമുദായമാണ്. രാജ്യം മിക്കവാറും ഒന്നാന്തരം മലംപ്രദേശം. ഭൂമിദേവിയോടു മല്ലിട്ടു വേണം ജീവിതം കഴിപ്പാൻ, അതിനാൽ ഇവിടെയുള്ളവർ നല്ല നാഡിബലമുള്ള ഒരു സമുദായമായിത്തീർന്നു. ഈ നാഡിബലം ഹിററ്ലർ വേണ്ടപോലെ അറിവാനിടയായി. ഈ യുദ്ധത്തിൽ 1941 മാർച്ച് മാസത്തിൽ ജർമ്മൻ സൈന്യം യൂഗോസ്ലേവിയായിൽ കടന്നപ്പോൾ ഇവരുടെ എതിർപ്പിന്റെ ശക്തി വേണ്ടപോലെ അറിയാറായി. യൂഗോസ്ലേവിയായിൽ വെച്ചുണ്ടായ യുദ്ധത്തിന്റെ ശക്തി പോളണ്ടിൽവെച്ചുണ്ടായതിനേക്കാൾ എത്രയോ മേലെയായിരുന്നു. ജർമ്മൻകാർ യൂഗോസ്ലേവിയായെ തല്ലിതകർത്തപോലെ മറെറാരു രാജ്യത്തെയും തകർക്കുകയും ചെയ്യിട്ടില്ല. യുദ്ധാനന്തരം രാജ്യത്തെ മുഴുവൻ ഭാഗിച്ച് ഓരോരുത്തർക്കു കൊടുത്തു. എന്നിട്ടും യൂഗോസ്ലേവിയായിലെ ജനതയുടെ നട്ടെല്ലിനെ മുറിപ്പാൻ ഹിററ്ലർക്കു സാധിച്ചിട്ടില്ല. യുദ്ധസമയത്തു് രാജ്യത്തുണ്ടായിരുന്ന ഗവർമ്മേണ്ട് ഇപ്പോൾ ഈജിപ്റ്റിൽ ഉണ്ടു്. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും സ്വാതന്ത്ര്യസമരം ചെയ്തുകൊണ്ടു് പലേ നേതാക്കന്മാരും ഉള്ളതിൽ ഏററവും പ്രധാനിയാണ് മഹൈലോവിച്ച്. ഇവരെല്ലാം കാട്ടിൽ കയറി അവിടെനിന്നാണ് ജർമ്മൻകാരുടെ നേരെ സ്വാതന്ത്ര്യസമരം നടത്തുന്നതു്. ഇങ്ങിനെയെല്ലാമാണെങ്കിലും മനക്കരുത്തൊന്നുമാത്രമെ ഇവർക്കു ബാക്കിയുള്ളു. പട്ടിണികൊണ്ടു ഈ സമുദായവും കുട്ടിച്ചോരായിരിക്കുന്നു. റഷ്യതന്റെ രംഗത്തിൽനിന്നു അടിച്ചുകയറി ഒരു വഴിക്കും, മറെറ വഴിക്കു ഐക്യകക്ഷികളുടെ സൈന്യങ്ങളും വന്ന് ഈ വീര സമുദായങ്ങൾക്ക് വല്ല രക്ഷ കൊടുത്തെങ്കിൽ മാത്രമേ അവരുടെ കരുത്തു് വേണ്ടപോലെ പ്രകാശിപ്പാൻ വഴിയുള്ളു. ഐക്യകക്ഷികൾ ജയിക്കുമോ ഇല്ലയൊ എന്നുള്ളതിന്ന് യാതൊരു സംശയവുമില്ല; എന്നാൽ അവരുടെ വിജയം അതിവേഗത്തിൽ ആകേണമെന്നു ലോകം ആഗ്രഹിക്കുന്നതു് ഗ്രീസ്, യൂഗോസ്ലേവിയാ എന്നി രാജ്യങ്ങളുടെ അടിയന്തരമായ സംരക്ഷണക്കാകുന്നു.

# റഷ്യാ – ജർമ്മൻ യുദ്ധം

## 217-ാമത്തെ ആഴ്ച

## 1941 ജൂൺ 22-ാം തിയ്യതി ആരംഭിച്ച

# 5,000 ക. ഇനാം

## ശത്രു ഏജൻറമാർ

1. ശത്രു ഏജൻറന്ന സംശയത്തിന്മേൽ ഒരാളെ ജീവനോടുകൂടി പൊതുജനങ്ങളിൽ ആരെങ്കിലും പിടിച്ചുകൊടുക്കുകയും പിന്നീടു ശത്രു ഏജൻറന്ന നിലയിൽ അയാളുടെ മേൽ കുററം സ്ഥാപിക്കുകയൊ അല്ലെങ്കിൽ ശത്രുവിന്നു സഹായം നല്കുന്നതിൽ അയാൾ ഊർജ്ജിതമായി ഏർപ്പെട്ടിരിക്കുന്നുവെന്നു രാജ്യസംരക്ഷണാധികാരസ്ഥന്മാൎക്കു ബോദ്ധ്യമാംവണ്ണം തെളിയുകയൊ ചെയ്കയും ചെയ്യുന്നതായാൽ, അങ്ങിനെയുള്ള ഏജൻറിനെ പിടിച്ചുകൊടുക്കുന്ന ഏതൊരാൾക്കും 5,000 ക. വരെ ഇന്ത്യാഗവൎമ്മെണ്ടു ഇനാം കൊടുക്കുന്നതാണ്.

2. അങ്ങിനെയുള്ള ഏതൊരു ഏജൻറിനേയും പിടിക്കുന്നതിന്നു ഉപകരിക്കുന്ന പ്രയോജനകരമായ വിവരം പൊതുജനങ്ങളിൽ ആരെങ്കിലും നല്കുന്നപക്ഷം, അങ്ങിനെ വിവരം നല്കുന്ന ഏതൊരാൾക്കും 1,000 ക. വരെ ഇനാം കൊടുക്കുന്നതാണ്.

3. അത്തരം ഏജൻറുമാരെ പിടിച്ചുകൊടുക്കുകയും അത്തരക്കാരെ പിടിക്കുന്നതിൽ പ്രയോജനപ്പെടാനിടയുള്ള വിവരം ശേഖരിക്കുകയും ചെയ്യുന്നതു സംബന്ധിച്ചു, താഴെ പറയുന്ന തരത്തിലുള്ള വിവരം കഴിയുന്നത്ര വേഗത്തിൽ റിപ്പോർട്ടു ചെയ്യേണ്ടുന്ന ആവശ്യകതയിലേക്ക് പൊതുജനങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു :—

(I) കപ്പലുകളുടെ സംശയിക്കത്തക്ക നിലയിലുള്ള പോക്കുവരവിനെപ്പററി, പ്രത്യേകിച്ചു അവ കടൽതീരത്തിന്നു വളരെ അടുത്തുകൂടി പോകുമ്പോൾ അതിനെപ്പററി;

(II) ഇന്ത്യയുടെ കടൽത്തിരത്തിലൊ മററു വല്ല സ്ഥലത്തൊ ആയുധവും യൂനിഫോറവും ധരിച്ചായാലും അല്ലെങ്കിൽ മററു വിധത്തിലായാലും സംശയിക്കത്തക്കവിധത്തിൽ അന്യജനങ്ങൾ സംഘംചേർന്നു കാണുന്നതിനെപ്പററി;

(III) ഐക്യരാജ്യങ്ങളുടെതല്ലാത്ത വല്ല വിമാനവും കരക്കിറങ്ങുകയൊ കടന്നുപോകുകയൊ അല്ലെങ്കിൽ വിമാനത്തിൽനിന്നു പാരക്കൂട്ടു വഴിയായി ആളുകൾ താഴോട്ടിറങ്ങുകയൊ എന്തെങ്കിലും സാധനങ്ങളെ താഴോട്ടിറക്കുകയൊ ചെയ്യുന്നതിനെപ്പററി;

(IV) ശത്രുവിൻെറ പ്രവൎത്തനം കരവഴിക്കൊ, കടൽവഴിക്കൊ, ആകാശമാൎഗ്ഗമായൊ സമീപസ്ഥലത്തു നടക്കുന്നുണ്ടെന്നു സൂചിപ്പിക്കുന്ന വല്ല സംഭവങ്ങളേയുംപററി.

4. ശത്രു ഏജൻറിനെ പിടിക്കുന്നതിന്നായി നല്കപ്പെടുന്ന വിവരം പ്രയോജനകരമായിരിക്കേണമെങ്കിൽ, ആ വിവരം കഴിയുന്നത്ര വേഗത്തിൽ അറിയിക്കണം.

5. ശത്രു ഏജൻറുമാരായ വല്ലവരേയും പിടിച്ചാൽ, കഴിയുന്നത്ര വേഗത്തിൽ അവരെ—

(I) നാട്ടുപുറങ്ങളിൽവെച്ചാണ് പിടിച്ചതെങ്കിൽ—അംശം അധികാരിയുടേയൊ പോലീസ്സ് ഉദ്യോഗസ്ഥൻെറയൊ അടുക്കലൊ,

(II) പട്ടണങ്ങളിൽവെച്ചാണ് പിടിച്ചതെങ്കിൽ—ഏററവും അടുത്തുള്ള പോലീസ്സ് ഉദ്യോഗസ്ഥൻെറ അടുക്കലൊ പോലീസ്സ് സ്റ്റേക്ഷനിലൊ,

ഏല്പിക്കുകയൊ, അല്ലെങ്കിൽ അങ്ങിനെയുള്ളവരെപ്പററിയുള്ള വല്ല വിവരവും മേല്പറഞ്ഞ ഉദ്യോഗസ്ഥന്മാരെയൊ പോലീസ്സ് സ്റ്റേക്ഷനിലൊ അറിയിക്കുകയൊ വേണം. അംശം അധികാരിയും പോലീസ്സ് ഉദ്യോഗസ്ഥന്മാരും ആ വിവരം തൽക്ഷണം പോലീസ്സ് മേലധികാരസ്ഥന്നൊ ഏററവുമടുത്തുള്ള പട്ടാളമേലധികാരത്തിലേക്കൊ റിപ്പോർട്ടു ചെയ്കയും വേണം.

6. ഇനാമിന്നുള്ള അപേക്ഷകൾ, സംഭവം നടന്ന തിയ്യതിയും സമയവും, സാക്ഷികളുടെ പേരുകളും, മേൽവിലാസങ്ങളും, മൊഴികളും സംബന്ധിച്ചുള്ള പൂൎണ്ണവിവരങ്ങൾ കാണിച്ചു, തേച്ചു ചെയ്യുന്ന ആൾ എഴുത്തുമൂലം ഡിസ്ത്രിക്ടു മജിസ്രേട്ടിന്നൊ ഡിസ്ത്രിക്ടിലെ കലക്ടൎക്കൊ (നാട്ടുരാജ്യങ്ങളുടെ സംഗതിയിൽ, റെസിഡെണ്ടിന്നൊ പൊളിററിക്കൽ ഏജൻറിന്നൊ) അയക്കേണ്ടതാണ്.

7. പിടിച്ചുകൊടുക്കപ്പെട്ട ആളെ വിചാരണചെയ്തു കഴിഞ്ഞതിന്നുശേഷം കഴിയുന്നത്ര വേഗത്തിൽ സംബന്ധപ്പെട്ട ജില്ലയുടെ ചാൎജ്ജുള്ള മജിസ്രേട്ടു, വിചാരണ നടന്ന കോടതിയുടെ ശിപാൎശികളനുസരിച്ചു, സാധാരണമായി ഇനാം കൊടുക്കുന്നതാണ്.

8. ഇനാം കൊടുക്കുന്നതു പട്ടാള അധികാരസ്ഥന്മാരുടേയും സിവിൽ അധികാരസ്ഥന്മാരുടേയും യുക്താനുസരണമായിരിക്കുന്നതും, ഇനാമിൻെറ സംഖ്യ ഓരോ വ്യക്തിയുടെയും സംഗതിയിൽ അയാൾ അറിയിച്ചുകൊടുക്കുന്ന വിവരം എത്രത്തോളം പ്രയോജനകരവും യഥാൎത്ഥവുമാണെന്നതിനനുസരിച്ചു കണക്കാക്കുന്നതുമാണ്. ഏതെങ്കിലും ഒരാൾക്കു കൊടുക്കുന്ന ഇനാം 1-ാം പത്തിയിൽ പറഞ്ഞപ്രകാരം 5,000 ക. വരേയൊ അല്ലെങ്കിൽ 2-ാം പത്തിയിൽ പറഞ്ഞപ്രകാരം 1,000 ക. വരേയൊ ഉള്ള ഏതെങ്കിലും സംഖ്യ ആവാം.

9. ഇന്ത്യാഗവൎമ്മെണ്ടിൻെറ മുന്നനുവാദത്തോടുകൂടി അപൂൎവ്വം സംഗതികളിലൊഴികെ, കപ്പൽപടയിലും, കരസൈന്യത്തിലും, വ്യോമസൈന്യത്തിലുമുള്ള ഉദ്യോഗസ്ഥന്മാൎക്കൊ ഗസററഡ് ഗവൎമ്മെണ്ടു ഉദ്യോഗസ്ഥന്മാൎക്കൊ ഇനാം കൊടുക്കുന്നതല്ല. എന്നാൽ സിവിൽ ഡിപ്പാൎട്ടുമെണ്ടുകളിലുള്ള നോൺ-ഗസററഡ് ഗവൎമ്മെണ്ടു ഉദ്യോഗസ്ഥന്മാർ ഇനാമിന്നു അൎഹരാണ്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.